23
2026
ജൂൺ
ചൊവ്വ
മിഥുനം ०९

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 125 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-125 പേജ് 4. വില 2.00 രൂപ




02 റോഡ് മുറിച്ചു കടക്കുന്നതിനിടെ വീട്ടമ്മ കെഎസ്ആർടിസി ബസിടിച്ചു മരിച്ചു

03 മൂന്ന് വയസുകാരനെ മൃഗശാലയിലെ മുതലക്കൂട്ടിലേക്ക് എറിഞ്ഞ യുവാവ് അറസ്റ്റിൽ

04 ജലപീരങ്കിയിൽ മലിനജലം; സഭയിൽ വെള്ളക്കുപ്പിയുമായി പിണറായി

# ക്ഷേമ പെൻഷൻ 3000 രൂപയാക്കും



## സ്ത്രീ സുരക്ഷാ പെൻഷനിൽ തീരുമാനമെടുത്തിട്ടില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ക്ഷേമ പെൻഷൻ 3000 രൂപയാക്കുക എന്ന യുഡിഎഫിൻറെ തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കുന്നതിൽ കാലതാമസം വരില്ലെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. ക്ഷേമ പെൻഷൻ അർഹരായവരിലേക്ക് എത്തുന്നതിന് വേണ്ടി മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി പുതിയ സംവിധാനം സർക്കാർ ഗൗരവതരമായി ആലോചിക്കുന്നുണ്ടെന്നും നിയമസഭയിലെ ചോദ്യോത്തരവേളയിൽ മുഖ്യമന്ത്രി മറുപടി പറഞ്ഞു.

ക്ഷേമ പെൻഷൻ 3000 രൂപയാക്കുമെന്ന യുഡിഎഫ് വാഗ്ദാനം എൽഡിഎഫ് നൽകിയ വാഗ്ദാനം പോലെ ആയിരിക്കില്ല. എൽഡിഎഫ് 2500 രൂപയാക്കുമെന്നായിരുന്നു വാഗ്ദാനം ചെയ്തിരുന്നത്. ആദ്യ എൽഡിഎഫ് സർക്കാറിൻറെ കാലാവധി തീരാനിരിക്കെയാണ് 1500 ഉള്ളത് 100 രൂപ കൂട്ടിയത്. അതിൽനിന്ന് 2000 ആക്കി ഉയർത്തിയത് രണ്ടാം എൽഡിഎഫ് സർക്കാരിൻറെ കാലാവധി തീരാനിരിക്കെയാണ്. അത്തരമൊരു കാലതാമസം യുഡിഎഫ് വരുത്തില്ലെന്ന് മുഖ്യമന്ത്രി അറിയിച്ചു.

കഴിഞ്ഞ സർക്കാർ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ആരംഭിച്ച സ്ത്രീ സുരക്ഷാ പെൻഷൻ സാമൂഹ്യക്ഷേമ പെൻഷൻറെ ഭാഗമല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ പദ്ധതി തുടരുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# ഖത്തറിൽ സ്ഫോടനം; 54 പേർക്ക് പരിക്ക്; 18 പേരെ കാണാതായി



ദോഹ: ഖത്തറിലെ പ്രമുഖ പ്രകൃതിവാതക കയറ്റുമതി കേന്ദ്രമായ റാസ് ലഫാൻ വ്യവസായ മേഖലയിലുണ്ടായ സ്ഫോടനത്തിൽ 18 തൊഴിലാളികളെ കാണാതായി. 54 പേർക്ക് പരിക്കുണ്ട്. കാണാതായവർക്കായുള്ള തിരച്ചിൽ തുടരുകയാണ്.

ഞായറാഴ്ച രാത്രിയോടെയാണ് സ്ഫോടനം ഉണ്ടായത്. ഇറാൻ നടത്തിയ ആക്രമണത്തെത്തുടർന്ന് നിർത്തിവെച്ചിരുന്ന പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ തൊഴിലാളികൾ ശ്രമിക്കുന്നതിനിടെ സ്ഫോടനം ഉണ്ടായെന്നാണ് വിവരം.ഇൻഡസ്ട്രിയൽ ഏരിയയിലെ ബാർസാൻ ഗ്യാസ് സപ്ലൈ കേന്ദ്രത്തിലാണ് സ്ഫോടനവും പിന്നാലെ തീപ്പിടിത്തവും ഉണ്ടായതെന്ന് ഖത്തർ എനർജി സ്ഥിരീകരിച്ചു. ആദ്യഘട്ടത്തിൽ കുറച്ചുപേർക്ക് മാത്രമേ പരുക്കേറ്റിട്ടുള്ളൂ എന്നായിരുന്നു ഔദ്യോഗിക വിശദീകരണം. എന്നാൽ പിന്നീട് ഖത്തർ ആഭ്യന്തര മന്ത്രാലയം യഥാർഥ കണക്കുകൾ പുറത്തുവിടുകയായിരുന്നു.

അതേസമയം രാജ്യതലസ്ഥാനമായ ദോഹയ്ക്ക് വടക്ക് സ്ഥിതി ചെയ്യുന്ന റാസ് ലഫാൻ പ്രദേശം രാജ്യത്തെ പ്രധാന എൽഎൻജി സംസ്കരണ കേന്ദ്രമാണ്. ഇത് ആഗോള ഊർജ്ജ വിപണിയിൽ വലിയ പ്രതിസന്ധിക്ക് കാരണമായേക്കാം.

# സൗജന്യയാത്ര തുടരാം; 'പ്രിയദർശിനി'ക്കെതിരായ ഹർജി തള്ളി

കൊച്ചി: കെഎസ്ആർടിസി ഓർഡിനിറി ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. പ്രിയദർശിനി പദ്ധതി സർക്കാരിന് തുടരാമെന്ന് കോടതി വ്യക്തമാക്കി.

ഭരണഘടന ഉറപ്പുനൽകുന്ന തുല്യതക്കുള്ള അവകാശമായ 14, 15 അനുച്ഛേദങ്ങളുടെ ലംഘനം ഉണ്ടെന്നു ഹർജിക്കാരൻ ആരോപിച്ചിരുന്നു. എന്നാൽ ഭരണഘടനാവിരുദ്ധത തെളിയിക്കാനായില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതി ഹർജി തള്ളിയത്.

കഴിഞ്ഞ ദിവസം ഹൈക്കോടതിയുടെ പരിഗണനയിൽ വന്ന ഹർജി വിധി പറയാൻ ഇന്നത്തേക്ക് മാറ്റുകയായിരുന്നു. പദ്ധതി രാഷ്ട്രീയ നേട്ടത്തിനുള്ള തെരഞ്ഞെടുപ്പ് വാഗ്ദാനമെന്നായിരുന്നു ഹർജിക്കാരൻറെ വാദം. എന്നാൽ സർക്കാർ വാക്കുപാലിച്ചത് കണ്ടുകൂടെയെന്നും പദ്ധതി നിർത്തണമെന്ന് എങ്ങനെയാണ് പറയുകയെന്നും കോടതി ചോദിച്ചിരുന്നു.

ശാസ്ത്രീയ പഠനമോ സാമ്പത്തിക ആഘാതമോ വിലയിരുത്താതെയാണ് പദ്ധതി നടപ്പാക്കിയതെന്നും പൊതുജനാഭിപ്രായ രൂപീകരണം നടത്തിയിട്ടില്ലെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നു. രാഷ്ട്രീയ നേട്ടത്തിനായുള്ള തെരഞ്ഞെടുപ്പ് വാഗ്ദാനം അതേപടി നടപ്പിലാക്കി. ഇതുവഴി പ്രതിവർഷം ഏകദേശം 800 കോടി രൂപയാകും സംസ്ഥാന സർക്കാരിൻറെ സാമ്പത്തിക ബാധ്യത. ഇത് താങ്ങാൻ പറ്റാത്ത ഭാരമാകുമെന്നും പൊതുതാൽപര്യ ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

## ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത; എട്ട് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് 28 ശതമാനം മഴയുടെ കുറവെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ റിപ്പോർട്ട്. എന്നാൽ ഇന്ന് സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു. എട്ട് ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, മലപ്പുറം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചത്. കോഴിക്കോട്, മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ മാത്രമാണ് ശരാശരി മഴ ലഭിച്ചത്.

# കൊച്ചിയിൽ കപ്പലിന് തീപിടിച്ചു; അപകടം സ്വകാര്യ യാർഡിൽ അറ്റകുറ്റപ്പണിക്കിടെ

കൊച്ചി: കൊച്ചിയിൽ അറ്റകുറ്റപ്പണി നടക്കുന്ന കപ്പലിന് തീപിടിച്ചു. വൈപ്പിനിൻ കാളമുക്കിൽ പ്രവർത്തിക്കുന്ന സ്വകാര്യ കപ്പൽ യാർഡിലാണ് തീപിടിത്തമുണ്ടായത്.

തീ പിടിക്കുന്ന സമയത്ത് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ജീവനക്കാർ ചാടി രക്ഷപ്പെട്ടു. സംഭവത്തിൽ ആർക്കും പരിക്കില്ല.

ഇന്ന് പുലർച്ചെയാണ് കപ്പലിൻറെ മുകൾഭാഗത്തു നിന്നും തീ ഉയർന്നത്. ഉടൻ തന്നെ അധികൃതരെ വിവരം അറിയിക്കുകയായിരുന്നു.

വിവിധ യൂണിറ്റുകളിൽ നിന്നും ഫയർ യൂണിറ്റുകൾ എത്തി തീ നിയന്ത്രണ വിധേയമാക്കാനുള്ള ശ്രമം തുടരുകയാണ്. തീപിടിത്തത്തിൻറെ കാരണം വ്യക്തമല്ല.

യാർഡിൻറെ മറുഭാഗത്തേക്ക് കടക്കാനാകാത്തതിനാൽ ഒരു ഭാഗത്ത് നിന്ന് മാത്രമാണ് രക്ഷാപ്രവർത്തനം. സമീപത്ത് അറ്റകുറ്റപ്പണിക്കെത്തിച്ച നിരവധി ബോട്ടുകളും കപ്പലുകളും ഉള്ളതിനാൽ തീ അണയ്ക്കാനുള്ള തീവ്രശ്രമത്തിലാണ് ഫയർ ഫോഴ്സ്.

# ഫൈറ്റ് മാസ്റ്ററായ യുവതിയെ കല്ലെറിഞ്ഞു വീഴ്ത്തി ആക്രമണം; മുഖ്യപ്രതി വടിവാൾ യൂസഫ് അറസ്റ്റിൽ

കൊച്ചി: സിനിമയിലെ ഫൈറ്റ്മാസ്റ്ററായ യുവതിയെ കല്ലെറിഞ്ഞു വീഴ്ത്തി ആക്രമിച്ച കേസിലെ മുഖ്യപ്രതി അറസ്റ്റിൽ. എറണാകുളം എളക്കര കീർത്തി നഗർ നെല്ലിക്കാപ്പിള്ളി യൂസഫ് (വടിവാൾ യൂസഫ് 33) നെയാണ് എറണാകുളം നോർത്ത് പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 15 ന് കലൂർ സ്റ്റേഡിയത്തിന് അടുത്തായിരുന്നു സംഭവം. അപമര്യാദയായി പെരുമാറിയത് പോലീസിൽ പരാതിപ്പെട്ടതിൻറെ വൈരാഗ്യത്തിൽ ലഹരിക്കേസിൽ പ്രതിയായ വടിവാൾ യൂസഫും സംഘവും യുവതിയെ ക്രൂരമായി അക്രമിക്കുകയായിരുന്നു.

സംഭവത്തിനുശേഷം ഒളിവിൽ പോയ ഇയാളെ ഇന്ന് രാത്രി 8.30 ന് സെൻറർ സ

## സൗദി അറേബ്യയിൽ ലോറി നിയന്ത്രണം വിട്ട് മറിഞ്ഞ് അപകടം; മലയാളി മരിച്ചു

റിയാദ്: സൗദി അറേബ്യയിലെ കിഴക്കൻ പ്രവിശ്യയിലുണ്ടായ വാഹനാപകടത്തിൽ മലയാളി മരിച്ചു. മലപ്പുറം ചെട്ടിപ്പടി സ്വദേശി മേമ്പാട്ട് പറമ്പിൽ അബ്ദുന്നാസർ (48) ആണ് മരിച്ചത്.

ജുബൈലിന് സമീപം അബൂഹദ്രിയ്യ റോഡിൽ ശനിയാഴ്ച പുലർച്ചെ 1.15ഓടെയായിരുന്നു അപകടം. അബ്ദുന്നാസർ ഓടിച്ചിരുന്ന ലോറി നിയന്ത്രണം വിട്ട് റോഡരികിലേക്ക് മറിയുകയായിരുന്നു.

ദമ്മാമിലേക്ക് പോകുന്നതിനിടെയായിരുന്നു അപകടം. അപകടസ്ഥലത്തുവെച്ചുതന്നെ അബ്ദുന്നാസർ മരിച്ചതായാണ് വിവരം. പരേതനായ ബാവയുടെയും കുളങ്ങരകത്ത് ആയിഷയുടെയും മകനാണ്. സുലേഖയാണ് ഭാര്യ.

# വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ്; എം.ലിജു മുഖ്യമന്ത്രിയെ കാണും

തിരുവനന്തപുരം: വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ് നൽകിയ ബജറ്റ് പ്രഖ്യാപനത്തിൽ അതൃപ്തി അറിയിക്കാൻ എക്സൈസ് മന്ത്രി എം. ലിജു മുഖ്യമന്ത്രി വി.ഡി. സതീശനെ കാണും. ഇത്തരമൊരു തീരുമാനം ബജറ്റിൽ ഉൾപ്പെടുത്തിയതിലുള്ള പ്രതിഷേധം മുഖ്യമന്ത്രിയെ നേരിട്ട് അറിയിക്കും. നിയമസഭയിൽ വച്ചാകും ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ച നടക്കുക.

വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ് നൽകുന്ന കാര്യത്തിൽ എക്സൈസ് വകുപ്പ് നയപരമായ യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്ന് മന്ത്രി കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നു. വീര്യം കുറഞ്ഞ മദ്യം വിപണിയിൽ വിൽക്കണമോയെന്ന കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ലെന്നും മന്ത്രി പറഞ്ഞു. വകുപ്പുമന്ത്രി പോലും അറിയാതെ ബജറ്റിൽ ഇക്കാര്യം പ്രഖ്യാപിച്ചതിൽ പാർട്ടിയിലെ ചില കോണുകളിൽ നിന്ന് തന്നെ എതിർപ്പുകൾ ഉയർന്നിട്ടുണ്ട്. അതേസമയം, സംസ്ഥാന ബജറ്റിന്മേലുള്ള പൊതുചർച്ചയ്ക്ക് ഇന്ന് നിയമസഭയിൽ തുടക്കമാകും.




# പട്ടം എസ് യു ടി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ലോക യോഗ ദിനം ആചരിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം സൗത്ത് റോട്ടറി ക്ലബ്ബുമായി ചേർന്ന് ലോക യോഗ ദിനം ആചരിച്ചു. പി.എം.ജി റോട്ടറി ക്ലിനിക്കിൽ സംഘടിപ്പിച്ച പ്രത്യേക യോഗ പരിശീലന പരിപാടിയിലൂടെയാണ് ദിനാചരണം നടത്തിയത്.


റോട്ടറി ക്ലബ് അംഗങ്ങളും എസ് യു ടി ആശുപത്രി ജീവനക്കാരും ഉൾപ്പെടെ 100 റോളം പേർ പരിപാടിയിൽ പങ്കെടുത്തു. ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ യോഗയുടെ പ്രാധാന്യം പൊതുജനങ്ങളിലേക്കെത്തിക്കുകയും, ആരോഗ്യകരമായ ജീവിതശൈലിയുടെ ഭാഗമായി യോഗയെ ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിശീലനം സംഘടിപ്പിച്ചത്.

മാനസികസമ്മർദ്ദ നിയന്ത്രണം, ഏകാഗ്രത വർധിപ്പിക്കൽ, ശരീരത്തിന്റെ വഴക്കവും ആരോഗ്യവും മെച്ചപ്പെടുത്തൽ തുടങ്ങി യോഗയുടെ വിവിധ ഗുണങ്ങളെക്കുറിച്ച് പരിശീലനത്തിൽ വിശദീകരിച്ചു. സമൂഹത്തിൽ രോഗപ്രതിരോധവും ആരോഗ്യകരമായ ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള എസ് യു ടി ആശുപത്രിയുടെയും തിരുവനന്തപുരം സൗത്ത് റോട്ടറി ക്ലബ്ബിന്റെയും പ്രതിബദ്ധതയാണ് പരിപാടിക്ക് വഴിയൊരുക്കിയത്.

## ഡെങ്കിപ്പനി; ചികിത്സയിലായിരുന്ന സ്ത്രീ മരിച്ചു

പാലക്കാട്: സംസ്ഥാനത്ത് ഡെങ്കിപ്പനി ബാധിച്ച് ഒരാൾക്കൂടി മരിച്ചു. അങ്കണവാടി ജീവനക്കാരി ഗീത(45) ആണ് മരിച്ചത്.

ഡെങ്കിപ്പനി ബാധിച്ച് ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയിലായിരിക്കെയായിരുന്നു മരണം. ഇതോടെ പാലക്കാട് ജില്ലയിൽ ഈ മാസം ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ എണ്ണം നാലായി. മേയ് മാസത്തിലും ജില്ലയിൽ രണ്ട് പേർ ഡെങ്കിപ്പനി ബാധിച്ച് മരിച്ചിരുന്നു.





ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ചലച്ചിത്ര നടൻ മധുവിന്റെ വസതിയിലെത്തി തൂഫാൻ വാരിയർ ബാഡ്ജ് അണിയിക്കുന്നു

# സംസ്ഥാന ഡാറ്റയും ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളും സുരക്ഷിതമാക്കുന്നതിന് മുൻഗണന: മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി

ഡാറ്റയുടെയും ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നത് സർക്കാരിന്റെ പ്രധാന മുൻഗണനയാണെന്നും സൈബർ ഭീഷണികളെ നേരിടാൻ ശക്തമായ സുരക്ഷാ ചട്ടക്കൂടുകൾ അനിവാര്യമാണെന്നും വ്യവസായ-വിവര സാങ്കേതിക വിദ്യ വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. 'സംസ്ഥാന ഡാറ്റയ്ക്കായുള്ള സൈബർ സുരക്ഷാ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തൽ' എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ ഡിജിറ്റൽ ഭരണ സംവിധാനങ്ങളും ഓൺലൈൻ സർക്കാർ സേവനങ്ങളും വ്യാപകമാകുന്ന സാഹചര്യത്തിൽ റാൻസംവെയർ ആക്രമണങ്ങൾ, ഡാറ്റ ചോർച്ചകൾ, ഫിഷിംഗ് തട്ടിപ്പുകൾ, നിർണായക ഡിജിറ്റൽ സംവിധാനങ്ങൾക്കെതിരായ ആക്രമണങ്ങൾ തുടങ്ങിയ സൈബർ ഭീഷണികൾ വർധിച്ചുവരുന്നതായി മന്ത്രി ചൂണ്ടിക്കാട്ടി. ഇത്തരം വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് കേന്ദ്ര-സംസ്ഥാന ഏകോപനവും ആധുനിക സൈബർ സുരക്ഷാ സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇ-ഗവേണൻസ് ഡിവിഷൻ, കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി. സംസ്ഥാനങ്ങളിലെ സൈബർ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും സർക്കാർ ഡാറ്റയുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള ദേശീയതല കൺസൾട്ടേറ്റീവ് പ്രക്രിയയുടെ ഭാഗമായാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്.സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാർ, ഡെപ്യൂട്ടി ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാർ, സൈബർ സുരക്ഷാ വിദഗ്ധർ, സാങ്കേതിക വിദഗ്ധർ, വ്യവസായ-അക്കാദമിക് രംഗങ്ങളിലെ പ്രതിനിധികൾ എന്നിവർ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

റിസ്ക് അടിസ്ഥാനമാക്കിയുള്ള സൈബർ സുരക്ഷാ വിലയിരുത്തലുകൾ, സ്റ്റേറ്റ് ഡാറ്റാ സെന്ററുകളുടെ സുരക്ഷ, ഇൻസിഡന്റ് റെസ്പോൺസ് സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, സൈബർ സുരക്ഷാ ഭരണത്തിൽ ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരുടെ പങ്ക്, സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്ററുകൾ, ഉയർന്നുവരുന്ന സൈബർ സുരക്ഷാ സാങ്കേതികവിദ്യകൾ തുടങ്ങിയ വിഷയങ്ങൾ സെഷനുകളിൽ ചർച്ച ചെയ്തു.സർക്കാർ സംവിധാനങ്ങളുടെ നിലവിലെ സൈബർ സുരക്ഷാ നില, സുരക്ഷിത ആപ്ലിക്കേഷൻ വികസനം, സൈബർ ക്രൈസിസ് മാനേജ്മെന്റ് പ്ലാനുകളുടെ നടപ്പാക്കൽ, ത്രെറ്റ് ഇന്റലിജൻസ്, തുടർച്ചയായ നിരീക്ഷണം എന്നിവയെ ആസ്പദമാക്കിയുള്ള പ്രതിരോധ സംവിധാനങ്ങളും വർക്ക്ഷോപ്പിൽ വിലയിരുത്തി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സോവറിൻ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, സീറോ ട്രസ്റ്റ് ആർക്കിടെക്ചർ തുടങ്ങിയ ഭാവി സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട സൈബർ സുരക്ഷാ വെല്ലുവിളികളും അവസരങ്ങളും വിദഗ്ധർ അവതരിപ്പിച്ചു.

വർക്ക്ഷോപ്പിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങളും ശുപാർശകളും കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് സമർപ്പിക്കും. സംസ്ഥാനത്തിന്റെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളും സർക്കാർ ഡാറ്റയും കൂടുതൽ സുരക്ഷിതമാക്കുന്നതിനും ഭാവി സൈബർ ഭീഷണികളെ ഫലപ്രദമായി നേരിടുന്നതിനും ഈ ശുപാർശകൾ സഹായകരമാകും.

# 30 ദിവസത്തിൽ 87 പനിമരണം, വിടുവായത്തം നിർത്തി വകുപ്പിനെ നയിക്കൂവെന്ന് മുരളീധരനോട് വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ആരോഗ്യമന്ത്രി കെ. മുരളീധരനെതിരേ രൂക്ഷവിമർശനവുമായി മുൻ ആരോഗ്യമന്ത്രി വീണ ജോർജ്. 30 ദിവസത്തിനുള്ളിൽ സംസ്ഥാനത്ത് പനി ബാധിച്ച് മരിച്ചത് 87 പേരാണ്. വിടുവായത്തം നിർത്തി വകുപ്പിനെ ഏകോപനത്തോടെ നയിക്കൂവെന്ന് വീണ ജോർജ് ഫേസ്ബുക്കിൽ കുറിച്ചു.

എൽഡിഎഫ് സർക്കാരിൻറെ കാലത്ത് ആരോഗ്യ വകുപ്പിനേയും മന്ത്രിയേയും ഏറ്റവും കൂടുതൽ ആക്രമിച്ചയാളാണ് മുരളീധരൻ. അന്നത്തെ വാക്കുകളൊക്കെ ഇന്ന് ബൂമറാംഗ് പോലെ ശക്തമായി തിരിച്ചെത്തുന്നത് കണ്ടുതുടങ്ങിയിട്ടുണ്ടെന്നും വീണ ജോർജ് പറഞ്ഞു. എൽഡിഎഫ് സർക്കാരിൻറെ കാലത്ത് ആരോഗ്യ മേഖലയിലുണ്ടായ നേട്ടങ്ങളെക്കുറിച്ചും വീണ ജോർജ് പോസ്റ്റിൽ വിശദീകരിക്കുന്നുണ്ട്.

വീണയുടെ ഫേസ്ബുക്ക് പോസ്റ്റ് ചുവടെ: –

'സൗജന്യ ചികിത്സ പദ്ധതി അട്ടിമറിക്കരുത്. ഇടതുപക്ഷ സർക്കാർ വകയിരുത്തിയതിനേക്കാൾ 200 കോടി കുറവാണ് യുഡിഎഫ് വകയിരുത്തിയിരിക്കുന്നത് എന്നത് ആശങ്ക സൃഷ്ടിക്കുന്നതാണ്. '25 ലക്ഷം രൂപ സൗജന്യ ചികിത്സ നൽകുന്ന പദ്ധതി യുഡിഎഫിൻറെ ഇലക്ഷൻ ഗ്യാരൻറി ആയിരുന്നു. പക്ഷെ ഇതിനായി ബജറ്റിൽ ആകെ നീക്കി വച്ചിരിക്കുന്നത് 10 കോടി രൂപയാണ്. എൽഡിഎഫ് സർക്കാർ കഴിഞ്ഞ അഞ്ച് വർഷം 8700 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ കാസ്പ് കാർഡുള്ള ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ഓരോ വർഷവും എൽഡിഎഫ് നൽകി വന്നു. 42.5 ലക്ഷം കുടുംബങ്ങൾക്കാണ് ആരോഗ്യ പരിരക്ഷാ കാർഡ് ഉണ്ടായിരുന്നത്. ഫെബ്രുവരിയിലെ ബജറ്റിൽ 900 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്കായി എൽഡിഎഫ് വകയിരുത്തിയിരുന്നത്.

യുഡിഎഫ് സർക്കാരിൻറെ ബജറ്റ് അനുസരിച്ചാണെങ്കിൽ അവർ ബജറ്റിൽ നീക്കിവച്ചിരിക്കുന്നത് 700 കോടി രൂപ.

അതായത് എൽഡിഎഫ് സർക്കാർ വകയിരുത്തിയതിനേക്കാൾ 200 കോടി കുറവ്. 25 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകണമെങ്കിൽ ഇതിൻറെ എത്രയോ ഇരട്ടി ബജറ്റിൽ മാറ്റിവയ്ക്കണം. അത് ഉണ്ടായിട്ടില്ല.

സൗജന്യ ചികിത്സയ്ക്കായി നിലവിൽ ഇടതുപക്ഷ സർക്കാർ വകയിരുത്തിയതിനേക്കാൾ 200 കോടി കുറവാണ് യുഡിഎഫ് വകയിരുത്തിയിരിക്കുന്നത് എന്നത് ആശങ്ക സൃഷ്ടിക്കുന്നതാണ്.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാധാരണ ജനങ്ങൾക്ക് സൗജന്യ ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ ആൻജിയോപ്ലാസ്റ്റി, സങ്കീർണ ശസ്ത്രക്രിയകൾ, കാൻസർ ചികിത്സ ഉൾപ്പെടെയുള്ള ചിലവേറിയ ചികിത്സകൾക്ക് ലക്ഷക്കണക്കിന് ആളുകൾക്ക് സഹായകരമാകുന്ന സൗജന്യ ചികിത്സാ പദ്ധതി അട്ടിമറിക്കപ്പെടരുത്. സൗജന്യ ചികിത്സാ പദ്ധതി തുടരും എന്ന് മുഖ്യമന്ത്രി ഉറപ്പാക്കണം.

എൽഡിഎഫ് സർക്കാർ ബജറ്റിൽ ആരോഗ്യ മേഖലയ്ക്ക് വകയിരുത്തിയതിനേക്കാൾ കുറവാണ് യുഡിഎഫ് സർക്കാരിൻറെ ബജറ്റ് വിഹിതം.

# വീണ്ടും പൊട്ടിത്തെറി; താത്കാലിക അഡ്ഹോക്ക് കമ്മിറ്റിയിൽ നിന്ന് ആശ അരവിന്ദ് രാജിവച്ചു

കൊച്ചി: മുൻ ഭരണസമിതിയുടെ കൂട്ടരാജിക്ക് പിന്നാലെ രൂപീകരിച്ച അഡ്ഹോക് കമ്മിറ്റിയിലും പൊട്ടിത്തെറി. കമ്മിറ്റിയംഗം ആശ അരവിന്ദ് രാജി വച്ചു. ഒമ്പതംഗ താത്കാലിക സമിതിയിൽ അംഗമായിരുന്ന നടി ആശ അരവിന്ദാണ് ഇപ്പോൾ രാജി പ്രഖ്യാപിച്ചിരിക്കുന്നത്.

ഇതോടെ താരസംഘടനയ്ക്കുള്ളിലെ പോര് പുതിയ തലത്തിലേക്ക് നീങ്ങുകയാണ്. പ്രസിഡൻറ് ശ്വേതാ മേനോനും 17 അംഗ ഭരണ സമിതിയും ഒന്നിച്ച് ഒഴിഞ്ഞതിന് പിന്നാലെ, സംഘടനയുടെ ദൈനംദിന കാര്യങ്ങൾ നിയന്ത്രിക്കാനാണ് രമേശ് പിഷാരടിയുടെ നേതൃത്വത്തിൽ ഒമ്പതംഗ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചത്.

പിരിഞ്ഞു പോയ താര സംഘടനയുടെ മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ വാട്സ്ആപ്പ് ഗ്രൂപ്പിലാണ് ആശ അരവിന്ദ് രാജി വച്ചതായി കുറിപ്പിട്ടത്. തന്നെ അഡഹോക്ക് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്ത എല്ലാവർക്കും നന്ദി, പക്ഷേ തനിക്കൊപ്പം ഉണ്ടായിരുന്ന 17 പേരും രാജി വച്ചൊഴിഞ്ഞ സാഹചര്യത്തിൽ താൻ ഇനി പുതിയൊരു അഡ്ഹോക് കമ്മിറ്റിയിൽ തുടരുന്നില്ല എന്നാണ് ആശയുടെ കുറിപ്പ്.

ശ്വേതാ മേനോൻ പ്രസിഡൻറ് ആയിരുന്ന ഭരണസമിതിയിൽ അംഗമായിരുന്നു ആശ അരവിന്ദ്. അമ്മയുടെ പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നായ സഞ്ജീവനി പദ്ധതിയുടെ ചുമതല ആശയ്ക്കായിരുന്നു.

നടൻ ജഗദീഷിൻറെ നേതൃത്വത്തിൽ നടന്ന ചർച്ചകൾക്കൊടുവിലാണ് സംഘടനയുടെ താത്കാലിക ചുമതലയ്ക്കായി ഒമ്പതംഗ സമിതി രൂപീകരിച്ചത്. രമേഷ് പിഷാരടിയെ കൂടാതെ മുൻ മന്ത്രി കെ.ബി. ഗണേഷ് കുമാർ, കലാഭവൻ ഷാജോൺ, സാദിഖ്, സുരേഷ് കൃഷ്ണ, ദേവി ചന്ദന, കൃഷ്ണപ്രഭ, ഡോ. റോണി ഡേവിഡ് എന്നിവരാണ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.

നാലു മാസമാണ് ഈ അഡ്ഹോക്ക് കമ്മിറ്റിയുടെ ഔദ്യോഗിക കാലാവധി. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ പുതിയ പൊതു തെരഞ്ഞെടുപ്പ് നടത്തി പുതിയൊരു ഭരണസമിതിയെ കണ്ടെത്തുക എന്നതാണ് താത്കാലിക സമിതിക്ക് മുന്നിലുള്ള പ്രധാന ലക്ഷ്യം.

എന്നാൽ സമിതി രൂപീകരിച്ച് മണിക്കൂറുകൾക്കകം തന്നെ അംഗങ്ങൾക്കിടയിൽ നിന്നും രാജി ആരംഭിച്ചത് പുതിയ കൺവീനർ രമേഷ് പിഷാരടിക്കും മറ്റ് മുതിർന്ന അംഗങ്ങൾക്കും വലിയ തലവേദനയാണ് സൃഷ്ടിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ നാടകീയ രംഗങ്ങൾക്ക് താരസംഘടന സാക്ഷ്യം വഹിച്ചേക്കും.

# മൃതദേഹം സിജോയുടേതോ ; വാണിയപ്പാറ പള്ളിയിലെ കല്ലറ തുറന്ന് പരിശോധിക്കും

കണ്ണൂർ: ഇരിട്ടി വാണിയപ്പാറ ഉണ്ണിമിശിഹ പള്ളി കല്ലറയിൽ പായയിൽ പൊതിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ ദുരൂഹതയേറുന്നു. മൃതദേഹം കോഴിക്കോട് വിലങ്ങാട് സ്വദേശി സിജോ സ്കറിയയുടേതാണെന്ന സംശയത്തിന് പിന്നാലെ പോലീസ് കേസെടുത്തു.

കല്ലറ തുറന്ന് പരിശോധിക്കാനാണ് പോലീസിൻറെ തീരുമാനം. ചൊവ്വാഴ്ച ആർഡിഒയുടെ അനുമതി തേടുമെന്നും അന്വേഷണ സംഘം അറിയിച്ചു. കല്ലറയ്ക്ക് പോലീസ് കാവലും ഏർപ്പെടുത്തി. ആർഡിഒയുടെ അനുമതി ലഭിച്ചാലുടൻ കല്ലറ തുറന്ന് മൃതദേഹങ്ങൾ പുറത്തെടുത്ത് ഡിഎൻഎ പരിശോധന നടത്താനാണ് അധികൃതരുടെ തീരുമാനം.

പള്ളി സെമിത്തേരിയിലെ പൊതുകല്ലറയിലാണ് നേരത്തെ സംസ്കരിച്ച ഒരു മൃതദേഹത്തിന് സമീപം പായയിൽ പൊതിഞ്ഞ നിലയിൽ മറ്റൊരു മൃതദേഹം കൂടി കണ്ടെത്തിയത്. സംഭവത്തിൽ ദുരൂഹത തുടരുകയും പള്ളി വികാരി തന്നെ കല്ലറ തുറന്ന് പരിശോധന നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഇതിന് പിന്നാലെയാണ് സംശയം പ്രകടിപ്പിച്ച് സിജോ സ്കറിയയുടെ കുടുംബം രംഗത്തുവന്നത്. നിലവിൽ പോലീസിൻറെ നടപടിക്രമങ്ങളിൽ ഇടവകയും പള്ളി അധികൃതരും തൃപ്തി രേഖപ്പെടുത്തി.

# വീടിൻെറ മതിലിൽ മൂത്രമൊഴിച്ചു; ചോദ്യം ചെയ്ത വീട്ടുടമയ്ക്ക് മർദനവും വധഭീഷണിയും

കൊച്ചി: പൊതുസ്ഥലത്ത് വീടിന്റെ ചുറ്റുമതിലിൽ മൂത്രമൊഴിച്ചയാളെ ചോദ്യം ചെയ്ത വീട്ടുടമയ്ക്ക് മർദനവും ഭീഷണിയും. ചെറായി കുഴുപ്പിള്ളി ചെറുവയപ്പ് കൂരൻ വീട്ടിൽ വിവിഡ് ജേക്കബിന് (40) ആണ് മർദനമേറ്റത്. ഈ മാസം 21ന് വൈകിട്ട് ആയിരുന്നു സംഭവം.

കുഴുപ്പിള്ളി സ്വദേശി പൊളി ശരത് എന്ന് വിളിക്കുന്ന ശരത് എന്നയാൾ വീട്ടുടമയെ മർദിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയുമായിരുന്നു. മുനമ്പം പോലീസിൽ നൽകിയ പരാതിയിൽ ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു.

# മൂന്നര വയസുകാരിക്കെതിരെ ലൈംഗികാതിക്രമം: അങ്കണവാടി വർക്കറെ സർവീസിൽ നിന്ന് നീക്കാൻ മന്ത്രിയുടെ നിർദേശം

കൊച്ചി: കൊച്ചിയിലെ അങ്കണവാടിയിൽ മൂന്നര വയസുകാരി ലൈംഗികാതിക്രമത്തിന് ഇരയായ സംഭവത്തിൽ നടപടി സ്വീകരിച്ച് വനിതാ ശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. സംഭവം നടന്ന അങ്കണവാടിയിലെ വർക്കറെ അടിയന്തരമായി സർവീസിൽ നിന്ന് നീക്കം ചെയ്യാൻ മന്ത്രി നിർദേശം നൽകി.

അങ്കണവാടിയിൽ പുറത്ത് നിന്നുള്ള ആരേയും പ്രവേശിപ്പിക്കരുതെന്ന സർക്കാർ നിർദേശം പാലിക്കാത്തതിനാണ് നടപടി. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി ബിന്ദു കൃഷ്ണ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

പ്രത്യേക അന്വേഷണം നടത്തുന്നതിന് ജോയിൻറ് ഡയറക്ടർ, നിർഭയ സെൽ കോ-ഓർഡിനേറ്റർ, ഐസിപിഎസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരെ ചുമതലപ്പെടുത്തി. ഇവർ നാളെ അങ്കണവാടിയിൽ നേരിട്ടെത്തി പരിശോധന നടത്തും. റിപ്പോർട്ട് അടിയന്തരമായി നൽകാനും മന്ത്രി ബിന്ദു കൃഷ്ണ നിർദേശം നൽകി.അതേസമയം, കുട്ടിയെ ലൈംഗികാതിക്രമത്തിന് ഇരയാക്കിയ ഇരുപതുകാരൻ ഒളിവിലാണ്. കുട്ടിയുടെ മാതാപിതാക്കൾ നൽകിയ പരാതിയിൽ യുവാവിനെതിരെ എളമക്കര പോലീസ് പോക്സോ കേസ് ചുമത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# വൈദ്യുതി ലഭ്യത കൂടി; ശനിയും ഞായറും നിയന്ത്രണം ഒഴിവാക്കി

തിരുവനന്തപുരം: സംസ്ഥാനത്ത് ശനിയും ഞായറും വൈദ്യുതി നിയന്ത്രണം ഒഴിവാക്കിയതായി കെഎസ്ഇബി. വൈദ്യുതി ലഭ്യത കൂടിയതിനാലാണ് തീരുമാനം. തമിഴ്നാട്, കർണാടക തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള അധിക വൈദ്യുതി ലഭ്യമായതിനെത്തുടർന്നാണ് തീരുമാനം.

കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാനുള്ള പവർ കോറിഡോറിൽ നിയന്ത്രണം ഇല്ലാത്തതും കെഎസ്ഇബിക്ക് സഹായകമായി. എകദേശം 650 മെഗാവാട്ട് വൈദ്യുതി ഉയർന്ന വിലയ്ക്ക് വാങ്ങിയെത്തിച്ചാണ് നിയന്ത്രണം ഒഴിവാക്കിയത്.

ഷെഡ്യൂൾ ചെയ്തതിനെക്കാൾ അധിക വൈദ്യുതി ഗ്രിഡിൽ നിന്നും തുടർച്ചയായി എടുക്കുന്നത് ഗ്രിഡ് കോഡിൻറെ ലംഘനം ആയതിനാൽ ഇത് ഒരു സ്ഥിരം സ്രോതസായി കണക്കാക്കാനാവില്ലെന്നും കെഎസ്ഇബി ഫേസ്ബുക്കിലൂടെ അറിയിച്ചു. മൺസൂൺ ശക്തി പ്രാപിക്കാത്തതും അണക്കെട്ടുകളിൽ വെള്ളത്തിൻറെ അളവ് കുറഞ്ഞു നിൽക്കുന്നതും ദേശീയതലത്തിലുള്ള വൈദ്യുതി ലഭ്യതയിലുള്ള കുറവും കാരണം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി നില നിൽക്കുകയാണ് കെഎസ്ഇബി വ്യക്തമാക്കി.

# റോഡ് മുറിച്ചു കടക്കുന്നതിനിടെ വീട്ടമ്മ കെഎസ്ആർടിസി ബസിടിച്ചു മരിച്ചു

കോട്ടയം: എംസി റോഡിൽ കോട്ടയം പള്ളം പവർഹൗസിനു സമീപം കെഎസ്ആർടിസി ബസ് ഇടിച്ച് കാൽനട യാത്രക്കാരി മരിച്ചു. നാട്ടകം സ്വദേശി ലക്ഷ്മി വിലാസത്തിൽ ജഗദമ്മ (68) ആണ് മരിച്ചത്. ഇന്ന് ഉച്ചയ്ക്ക് പന്ത്രണ്ടോടെയായിരുന്നു അപകടം. കോട്ടയത്തുനിന്ന് ആലപ്പുഴയിലേക്കു പോകുകയായിരുന്ന കെഎസ്ആർടിസി ബസ് ആണ് വീട്ടമ്മയെ ഇടിച്ചത്.റോഡ് മുറിച്ച് കടക്കുമ്പോൾ ഇടിക്കുകയായിരുന്നു. ഓടിക്കൂടിയ നാട്ടുകാർ ചേർന്നു ജഗദമ്മയെ കോട്ടയം ജില്ലാ ജനറൽ ആശുപത്രിയിലും പിന്നീട് മെഡിക്കൽ കോളജ് ആശുപത്രിയിലും എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ ചിങ്ങവനം പോലീസ് കേസടുത്ത് തുടർനടപടി ആരംഭിച്ചു.

# അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് 2026-27 വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി നേഴ്സിംഗ് ഡിഗ്രി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി ജൂലൈ 20 വരെ അപേക്ഷിക്കാം.

അപേക്ഷാഫീസ് പൊതു വിഭാഗത്തിന് 1000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 500 രൂപയുമാണ്. അപേക്ഷകർക്ക് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ ജൂലൈ 20 വരെ അപേക്ഷാ ഫീസ് ഒടുക്കാം. ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യണം.

അപേക്ഷകർ, ഫിസിക്സ്, കെമസ്ട്രി, ബയോളജി ഐച്ഛിക വിഷയമായി എടുത്ത് പ്ലസ് ടു പരീക്ഷ പാസായിരിക്കണം. കൂടാതെ 50 ശതമാനം മാർക്കോടെ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലും ബന്ധപ്പെട്ട സ്റ്റേറ്റ് കൗൺസിലും അംഗീകരിച്ച ജിഎൻഎം കോഴ്സ് പരീക്ഷ പാസായിരിക്കണം. അപേക്ഷകർ അക്കാദമിക വിവരങ്ങൾ സമർപ്പിക്കുന്ന സമയത്തുതന്നെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം. അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായ പരിധി ബാധകമല്ല. സർവ്വീസ് ക്വാട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് 49 വയസ്സാണ്.

എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നിശ്ചയിക്കുന്ന തീയതിയിൽ നടത്തുന്ന ഒരു പൊതു പ്രവേശന പരീക്ഷയുടെ മാനദണ്ഡത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയായിരിക്കും പ്രവേശനം നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 0471 2560361,

# ശിക്ഷ റദ്ദാക്കണമെന്ന് പ്രതികൾ, കൂട്ടണമെന്ന് സർക്കാർ; നടിയെ ആക്രമിച്ച കേസ് മാറ്റിവച്ചു

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ശിക്ഷ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതികൾ നൽകിയ അപ്പീൽ ഹൈക്കോടതി രണ്ടാഴ്ച കഴിഞ്ഞ് പരിഗണിക്കും. ഒന്നാം പ്രതി പൾസർ സുനി ഉൾപ്പെടെയുള്ള ആറ് പ്രതികൾ നൽകിയ അപ്പീലാണ് പിന്നീട് പരിഗണിക്കാൻ ഹൈക്കോടതി മാറ്റിവച്ചത്.

കേസിൽ വാദം നടത്തുന്നതിനായി കൂടുതൽ സാവകാശം വേണമെന്ന പ്രോസിക്യൂട്ടറുടെ ആവശ്യം പരിഗണിച്ചാണ് കോടതി നടപടി. വിചാരണക്കോടതി 20 വർഷം തടവിന് ശിക്ഷിച്ച പൾസർ സുനി, മാർട്ടിൻ, വിജീഷ്, വടിവാൾ സലീം തുടങ്ങിയ പ്രതികളാണ് ശിക്ഷാ ഇളവ് തേടി ഹൈക്കോടതിയെ സമീപിച്ചത്.

അതേസമയം കേസിൽ പ്രതികളുടെ ശിക്ഷ ഉയർത്തണമെന്നാവശ്യപ്പെട്ട് സർക്കാരും കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. കേസിലെ നിർണായക തെളിവായ മെമ്മറി കാർഡ് വിചാരണക്കോടതിയുടെ കസ്റ്റഡിയിലിരിക്കെ ചോർന്ന സംഭവത്തിൽ സമഗ്രമായ പുനരന്വേഷണം ആവശ്യപ്പെട്ട് അതിജീവിതയും ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.

മെമ്മറി കാർഡിലെ ദൃശ്യങ്ങൾ അനധികൃതമായി പരിശോധിക്കപ്പെട്ട സംഭവത്തിൽ കൃത്യമായ അന്വേഷണം വേണമെന്നാണ് അതിജീവിതയുടെ ആവശ്യം. സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകയായ വൃന്ദ ഗ്രോവർ മുഖേനയാണ് അതിജീവിത കോടതിയെ സമീപിച്ചത്.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡിയുടെ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജീസ് അന്റ് സ്കിൽസിൽ ജൂലൈയിൽ ആരംഭിക്കുന്ന UGC-NET പേപ്പർ I & II (ഹൈബ്രിഡ് മോഡ്) ൽ പരിശീലനത്തിനായി അർഹരായുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ്, എക്കണോമിക്സ്, ഇംഗ്ലീഷ്, മലയാളം, മാനേജ്മെന്റ് വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്. താത്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8136882389, 9495069307, 8547005087, 0471-2660512 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# പിറന്നാളാഘോഷത്തിന് വാങ്ങിയ ചോക്ലേറ്റിൽ പുഴു, കമ്പനിക്ക് അരലക്ഷം രൂപ നഷ്ടപരിഹാരം

അമരാവതി: ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ പത്ത് വയസുകാരിയുടെ പിറന്നാളാഘോഷത്തിന് വാങ്ങിയ ചോക്ലേറ്റിൽ പുഴുക്കൾ. കേടായ ചോക്ലേറ്റ് കഴിച്ച് പിറന്നാളുകാരിക്കും സുഹൃത്തുക്കൾക്കും ശാരീരിക അസ്വാസ്ഥ്യം നേരിട്ട് ചികിത്സ തേടേണ്ടി വരികയായിരുന്നു.

സംഭവത്തിൽ ചോക്ലേറ്റ് നിർമാതാക്കൾക്കും വിറ്റ വ്യാപാരിക്കുമെതിരെ കൺസ്യൂമർ കോടതി നടപടിയെടുത്തു. ഇരയായ കുടുംബത്തിന് 55,000 രൂപ നഷ്ടപരിഹാരം നൽകാൻ നെല്ലൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു.

മകളുടെ ജന്മദിനത്തിനാണ് പരാതിക്കാരനായ പിതാവ് 210 രൂപ നൽകി കടയിൽ നിന്നും ചോക്ലേറ്റ് വാങ്ങിയത്. ജന്മദിന പാർട്ടിക്ക് ശേഷം ചോക്ലേറ്റ് കഴിച്ച കുട്ടികൾക്ക് ഛർദിയും വയറിളക്കവും ഉൾപ്പെടെയുള്ള ഗുരുതരമായ ശാരീരിക അസ്വാസ്ഥ്യങ്ങൾ അനുഭവപ്പെടുകയും തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു ചികിത്സ നൽകേണ്ടതായും വന്നു.

കുട്ടികൾ കഴിച്ച ചോക്ലേറ്റ് പരിശോധിച്ചപ്പോഴാണ് അതിൽ പുഴുക്കൾ അടങ്ങിയിട്ടുണ്ടെന്ന വിവരം കുടുംബം തിരിച്ചറിഞ്ഞത്. ഇതേത്തുടർന്ന് ചോക്ലേറ്റ് നിർമിച്ച കമ്പനിക്കെതിരെയും അത് വിറ്റ കടയുടമയ്ക്കെതിരെയും കുടുംബം ഉപഭോക്തൃ കോടതിയെ സമീപിക്കുകയായിരുന്നു. എന്നാൽ, കോടതി നടപടികൾക്കിടയിൽ തങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾ പൂർണമായും നിഷേധിക്കുന്ന നിലപാടാണ് നിർമതാക്കളും വ്യാപാരിയും സ്വീകരിച്ചത്. ചോക്ലേറ്റിൻറെ ഗുണനിലവാരം തെളിയിക്കുന്നതിനായി കൃത്യമായ ലാബ് പരിശോധനാ റിപ്പോർട്ടുകളോ ശാസ്ത്രീയ തെളിവുകളോ പരാതിക്കാരൻ കോടതിയിൽ ഹാജരാക്കിയിട്ടില്ലെന്നും അതിനാൽ ഈ കേസ് നിലനിൽക്കില്ലെന്നുമായിരുന്നു അവരുടെ വാദം.

എന്നാൽ ഈ വാദങ്ങളെ കൺസ്യൂമർ കമ്മീഷൻ പൂർണമായും തള്ളി. ഇതോടെ കുടുംബം ഉപഭോക്തൃ കോടതിയെ സമീപിക്കുകയായിരുന്നു. കോടതി നടപടികൾക്കിടയിൽ തങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾ പൂർണമായും നിഷേധിക്കാനാണ് ചോക്ലേറ്റ് കമ്പനിയും വ്യാപാരിയും ശ്രമിച്ചത്. എന്നാൽ കുടുംബം നൽകിയ ചോക്ലേറ്റിൻറെ ചിത്രങ്ങളും കുട്ടികളെ ചികിത്സിച്ച ഡോക്ടർമാരുടെ മെഡിക്കൽ രേഖകളും കുറ്റകൃത്യം തെളിയിക്കാൻ പര്യാപ്തമാണെന്ന് കോടതി കണ്ടെത്തി.

ഉപഭോക്താക്കൾക്ക് സുരക്ഷിതമല്ലാത്തതും ഗുണനിലവാരമില്ലാത്തതുമായ ആഹാരസാധനങ്ങൾ വിതരണം ചെയ്തത് സേവനത്തിലെ ഗുരുതരമായ വീഴ്ചയായി കണക്കാക്കിയ നെല്ലൂർ ഉപഭോക്തൃ കോടതി, പരാതിക്കാരനായ പിതാവിന് 55,000 രൂപ നഷ്ടപരിഹാരമായി നൽകാൻ ഉത്തരവിടുകയായിരുന്നു.

# ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമർ രാജിവച്ചു

ലണ്ടൻ: ലേബർ പാർട്ടിക്കുള്ളിൽ രാജി സമ്മർദ്ദം ശക്തമായതോടെ ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമർ രാജിവച്ചു. ലേബർ പാർട്ടി നേതൃസ്ഥാനവും സ്റ്റാർമർ രാജിവച്ചിട്ടുണ്ട്. തൻറെ തീരുമാനം ചാൾസ് മൂന്നാമനെ അറിയിച്ചതായും പുതിയ പ്രധാനമന്ത്രി അധികാരമേൽക്കുംവരെ കാവൽ പ്രധാനമന്ത്രിയായി തുടരുമെന്നും കിയർ സ്റ്റാർമർ മാധ്യമങ്ങളോട് പ്രതികരിച്ചു.

സ്റ്റാർമറുടെ നേതൃത്വത്തിലുള്ള ഭരണസമിതിക്ക് ജനപിന്തുണ കുറഞ്ഞതോടെയാണ് പാർട്ടിയിൽ നേതൃമാറ്റത്തിനായുള്ള മുറവിളി ഉയർന്നത്. മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ലേബർ പാർട്ടി നേരിട്ട കനത്ത പരാജയത്തെത്തുടർന്ന് എഴുപതിലധികം പാർട്ടി എംപിമാർ സ്റ്റാർമറുടെ രാജി ആവശ്യപ്പെട്ടിരുന്നു.

ബ്രിട്ടൻറെ 58-ാമത് പ്രധാനമന്ത്രിയായി അധികാരമേറ്റ് രണ്ട് വർഷത്തിന് ശേഷമാണ് സ്റ്റാർമർ രാജിവെച്ച് ഒഴിയുന്നത്. നിലവിലെ സാഹചര്യത്തിൽ പുതിയ പ്രധാനമന്ത്രിയെ കണ്ടെത്താനുള്ള നീക്കം പാർട്ടിക്കുള്ളിൽ സജീവമായികഴിഞ്ഞു. നിരവധി പേരുകളാണ് സ്റ്റാർമറുടെ പിൻഗാമിയായി പരിഗണിക്കപ്പെടുന്നത്.

ഗ്രേറ്റർ മാഞ്ചസ്റ്ററിലെ ജനപ്രിയ മേയറായിരുന്ന ആൻഡി ബേൺഹാമാണു പ്രധാനമന്ത്രിസ്ഥാനത്തേക്കുള്ള പരിഗണനയിൽ മുന്നിലുള്ളത്. അടുത്തിടെ മേക്കർഫീൽഡ് മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തിൽ അദ്ദേഹം വിജയിച്ചിരുന്നു.

ലേബർ പാർട്ടി നേതൃത്വത്തിൽ വൻ സ്വാധീനമുള്ള മുൻ ആരോഗ്യസെക്രട്ടറിയായിരുന്ന വെസ് സ്ട്രീറ്റിംഗിൻറെ പേരും ഉയർന്നു കേൾക്കുന്നുണ്ട്. ഇതിനു പുറമേ ലേബർ പാർട്ടിയിലെ മുൻ നിരനേതാക്കളായ ആഞ്ചല റെയ്നർ, എഡ് മിലിബാൻഡ് എന്നിവരുടെ പേരുകളും ഉയർന്നുകേൾക്കുന്നുണ്ട്.വരുന്ന ആഴ്ച പാർലമെൻറിൻറെ സംയുക്തസമ്മേളനത്തെ ചാൾഡ് രാജാവ് അഭിസംബോധന ചെയ്യാനിരിക്കയേയാണു രാജ്യത്ത് പുതിയ രാഷ്ട്രീയസംഭവികാസങ്ങൾ ഉടലെടുത്തിരിക്കുന്നത്.

# ഫിലിപ്പീൻസിൽ മൂന്ന് വിദ്യാർഥികൾ വെടിയേറ്റു മരിച്ചു; ഒൻപതാം ക്ലാസ് വിദ്യാർഥികൾ പിടിയിൽ

മനില: ഫിലിപ്പീൻസിൽ സ്കൂളിലുണ്ടായ വെടിവയ്പ്പിൽ മൂന്ന് വിദ്യാർഥികൾ കൊല്ലപ്പെട്ടു. ഏഴ് വിദ്യാർഥികൾക്ക് പരിക്കേറ്റു. പ്രതികളായ രണ്ട് വിദ്യാർഥികളെ പോലീസ് അറസ്റ്റ് ചെയ്തു. തിങ്കളാഴ്ച രാവിലെ ടാക്ലോബാൻ സിറ്റിയിലെ സാൻ ജോസ് നാഷണൽ ഹൈസ്കൂളിലാണ് സംഭവം.

ഒൻപതാം ക്ലാസ് വിദ്യാർഥിയായ ഒന്നാം പ്രതിയെ വെടിവയ്പ്പ് നടന്ന ഉടൻ പോലീസ് പിടികൂടിയിരുന്നു. ഒൻപതാം ക്ലാസ് വിദ്യാർഥിയായ രണ്ടാമത്തെ പ്രതിയെ മണിക്കൂറുകൾക്ക് ശേഷം പ്രദേശവാസികളുടെ സഹായത്തോടെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്.

വെടിവയ്പ്പിനു പിന്നിലെ കൃത്യമായ കാരണവും മറ്റാരെങ്കിലും ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്നും കണ്ടെത്താൻ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സംഭവസ്ഥലത്ത് കൂടുതൽ സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

# ഹൃദ്രോഗിയായ ഭർത്താവിനെ കൊലപ്പെടുത്തിയ കേസ്; ഭാര്യയും കാമുകനും അറസ്റ്റിൽ

അമരാവതി: ഹൃദ്രോഗിയായ ഭർത്താവിനെ കൊലപ്പെടുത്തിയ കേസിൽ ഭാര്യയും കാമുകനും അറസ്റ്റിൽ.

ആന്ധ്രാപ്രദേശ് കാക്കിനാഡ സ്വദേശി പുല്ല ദുർഗാ പ്രസാദ് (38) കൊല്ലപ്പെട്ട കേസിൽ ഇയാളുടെ ഭാര്യ രമാദേവി, ഇവരുടെ കാമുകൻ പ്രസാദം ഗോപിസായി എന്നിവരാണ് അറസ്റ്റിലായത്.കഴിഞ്ഞ മാർച്ചിലാണ് നാടിനെ നടുക്കിയ സംഭവം നടന്നത്. ഇൻസ്റ്റാഗ്രാമിലൂടെ പരിചയപ്പെട്ട ഗോപിസായിയുമായി രമാദേവി പ്രണയത്തിലാവുകയായിരുന്നു.

തുടർന്ന് ഒന്നിച്ച് ജീവിക്കാൻ ഭർത്താവ് തടസമാണെന്ന് കണ്ടതോടെയാണ് ഇരുവരും ചേർന്ന് കൊലപാതകം ആസൂത്രണം ചെയ്തത്.കൃത്യം നടന്ന ദിവസം ദുർഗാ പ്രസാദിന് നൽകിയ ജ്യൂസിൽ പ്രതികൾ ഉറക്കഗുളികകൾ കലർത്തി. ജ്യൂസ് കുടിച്ച് ബോധരഹിതനായ ഇയാളെ ഇരുവരും ചേർന്ന് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയായിരുന്നു.

എന്നാൽ ദുർഗാ പ്രസാദ് ഹൃദ്രോഗിയായതിനാൽ ആരും സംശയിച്ചിരുന്നില്ല.എന്നാൽ മാസങ്ങൾക്ക് ശേഷം പുല്ലയുടേത് ഒരു സാധാരണ മരണമല്ലെന്നും മറിച്ച് ഒരു കൊലപാതകമാണെന്നും രമാദേവിക്ക് മറ്റൊരു ബന്ധമുണ്ടെന്നും ബന്ധുക്കൾക്ക് വിവരം ലഭിച്ചു. തുടർന്ന് പോലീസിൽ പരാതി നൽകുകയായിരുന്നു. പിന്നീട് പോലീസ് നടത്തിയ വിശദമായ അന്വേഷണത്തിലാണ് കൊലപാതകത്തിൻറെ ചുരുളഴിഞ്ഞത്.

# കീം പരീക്ഷ ഫലപ്രഖ്യാപനം മാറ്റിവെച്ചു

സംസ്ഥാനത്തെ കീം പരീക്ഷാ ഫല പ്രഖ്യാപനം മാറ്റിവെച്ചു. സിബിഎസ്ഇ പ്ലസ് ടു പുനർ മൂല്യനിർണ്ണയ പരീക്ഷാ ഫലം ജൂൺ 21ന് രാത്രിയോടെയാണ് പ്രഖ്യാപിച്ചത്.അതിനാൽ മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടണമെന്നാവശ്യപ്പെട്ട് നിരവധി വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്ക അറിയിച്ചിതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദേശം നൽകി. എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും അവസരം ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

# മസ്തിഷ്ക ജ്വരം: ചന്ദനക്കാവിൽ ജാഗ്രതാ നിർദേശം നൽകി

കുളത്തൂപ്പുഴ: ചന്ദനക്കാവ് സ്വദേശി മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചതിനെ തുടർന്ന് പ്രദേശവാസികൾക്ക് ആരോഗ്യവകുപ്പ് ജാഗ്രത നിർദേശം നൽകി. കിണറുകളിലും കുടിവെള്ള സ്രോതസുകളിലും ക്ലോറിനേഷൻ നടത്തി.

തിളപ്പിച്ചാറിയ ജലം മാത്രമേ കുടിക്കാനായി ഉപയോഗിക്കാവൂ എന്ന് നിർദേശിച്ചു. രോഗബാധയെ സംബന്ധിച്ച് ആരോഗ്യ പ്രവർത്തകർ പ്രദേശവാസികൾക്കു ബോധവത്കരണം നൽകി.

പ്രതിരോധ പ്രവർത്തനങ്ങൾക്ക് കുളത്തൂപ്പുഴ സാമൂഹികാരോഗ്യകേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ സി. ആർ. അരുൺകുമാർ, ബ്ലോക്ക് എപ്പിഡമോളജിസ്റ്റ് ബി. സൽമ, ജൂണിയർ പബ്ലിക് ഹെൽത്ത് നഴ്സ് വി. മോനിഷ എന്നിവർ നേതൃത്വം നൽകി. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെയും ആരോഗ്യ ബോധവത്കരണത്തിൻറെയും അഭാവമാണ് രോഗങ്ങൾ പടരുന്നതിന് ഇടയാക്കുന്നതെന്നും പനി ബാധിതരുടെ എണ്ണം ഏറിയിട്ടും മുൻകരുതലുകൾ സ്വീകരിക്കാൻ അരോഗ്യ വകുപ്പും പഞ്ചായത്തും തയാറായിട്ടില്ലെന്നും പ്രദേശവാസികൾ കുറ്റപ്പെടുത്തി.

# ലക്നോവിലെ കോച്ചിംഗ് സെൻററിൽ തീപിടിത്തം; 14 പേർക്ക് ദാരുണാന്ത്യം

ലക്നോ: അലിഗഞ്ചിലെ കോച്ചിംഗ് സെൻറർ പ്രവർത്തിക്കുന്ന കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ 14 പേർക്ക് ദാരുണാന്ത്യം. മൂന്ന് നിലകളുള്ള കെട്ടിടത്തിൻറെ മുകൾ നിലയിലുണ്ടായ തീപിടിത്തം അതിവേഗം താഴേക്ക് പടരുകയായിരുന്നുവെന്നാണ് വിവരം. കെട്ടിടത്തിനുള്ളിൽ ഇനിയും ആളുകൾ കുടുങ്ങിക്കിടക്കുന്നതായാണ് റിപ്പോർട്ടുകളുണ്ട്.

മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് സൂചനയുണ്ട്. കെട്ടിടത്തിൻറെ ഒന്നാം നിലയിലാണ് കോച്ചിംഗ് സെൻറർ പ്രവർത്തിച്ചിരുന്നത്. താഴത്തെ നിലയിൽ ഒരു ക്ലിനിക്കും പെറ്റ് ഷോപ്പും ഉണ്ടായിരുന്നു. കെട്ടിടത്തിൽ നിന്ന് വൻതോതിൽ പുക ഉയരുന്നതുകണ്ട് നാട്ടുകാരാണ് വിവരം ഫയർ ഫോഴ്സിനെ അറിയിച്ചത്.

മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് തീ പൂർണമായും നിയന്ത്രണവിധേയമാക്കിയത്. പോലീസും ഫയർഫോഴ്സും ചേർന്ന് കെട്ടിടത്തിനുള്ളിൽ വിശദമായ തെരച്ചിൽ നടത്തിവരികയാണ്. സംഭവസ്ഥലം സന്ദർശിച്ച ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി ബ്രജേഷ് പഥക് രക്ഷാപ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അപകടത്തിൽ നടുക്കം രേഖപ്പെടുത്തുകയും പരിക്കേറ്റവർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു. ഉന്നത ഉദ്യോഗസ്ഥർ സ്ഥലത്ത് ക്യാമ്പു ചെയ്യുകയാണ്.

# ഐഎച്ച്ആർഡിയിൽ ഹ്രസ്വകാല കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം ഐഎച്ച്ആർഡി സെന്റർ ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ Software Development using PHP, MySQL & CSS, Computer Network Administration, Python Programming, Android Development, Computer Programming Fundamentals എന്നീ ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴ്സുകൾ ജൂൺ 29 മുതൽ ആരംഭിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾക്ക് https://skillcentre.ihrd.ac.in ലൂടെ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് : 9495069307, 8547005087, 8136882389,

# കള്ളനെ കള്ളനെന്നല്ലാതെ എന്ത് വിളിക്കണം; കെ. കെ. മഹേശനെ അധിക്ഷേപിച്ച് തുഷാർ വെള്ളാപ്പള്ളി

ന്യൂഡൽഹി: ജീവനൊടുക്കിയ എസ്എൻഡിപി യോഗം മുൻ മൈക്രോഫിനാൻസ് കോർഡിനേറ്റർ കെ. കെ. മഹേശനെ അധിക്ഷേപിച്ച് തുഷാർ വെള്ളാപ്പള്ളി. കെ. കെ. മഹേശനെക്കുറിച്ച് വെള്ളാപ്പള്ളി നടേശൻ പറഞ്ഞതെല്ലാം സത്യമാണ്. കള്ളനെ കള്ളൻ എന്നല്ലാതെ മറ്റെന്താണ് വിളിക്കേണ്ടത്. സത്യം വിളിച്ചു പറയുന്നതിൽ എന്താണ് തെറ്റെന്നും അദ്ദേഹം ചോദിച്ചു. വി. എം. സുധീരൻറേത് പ്രതികാര രാഷ്ട്രീയമാണ്. മുൻപ് അദ്ദേഹത്തെ ആലപ്പുഴ ലോക്സഭാ മണ്ഡലത്തിൽ നിന്നും തോൽപ്പിച്ച് കെട്ടുകെട്ടിച്ചതിൻറെ വ്യക്തിവൈരാഗ്യമാണ്. മാൻഹോളിൽ വീണ് മരിച്ചവർക്ക് ധനസഹായം നൽകിയതുമായി ബന്ധപ്പെട്ട് തുല്യനീതി വേണമെന്നാണ് വെള്ളാപ്പള്ളി നടേശൻ ആവശ്യപ്പെട്ടത്.

ഇസ്ലാം മതത്തിൽ പെട്ടയാൾക്ക് മാത്രം സർക്കാർ വലിയ ധനസഹായം നൽകിയത് ചോദ്യം ചെയ്തു. ഇതിൻറെ പേരിൽ വെള്ളാപ്പള്ളിയെ ജാതിവാദിയെന്ന് മുദ്രകുത്തി വേട്ടയാടാനാണ് സുധീരൻ നോക്കുന്നതെന്നും തുഷാർ ആരോപിച്ചു. അനാവശ്യമായ കഥകൾ പ്രചരിപ്പിച്ച് എസ്എൻഡിപിയെ തകർക്കാൻ ആരും നോക്കേണ്ടതില്ല.

ശിവഗിരി മഠവും എസ്എൻഡിപി യോഗവും രണ്ടാണ്. മഠവുമായി യൂണിയന് യാതൊരു ബന്ധവുമില്ല. അങ്ങനെയുള്ളപ്പോൾ അവർക്ക് എങ്ങനെയാണ് എസ്എൻഡിപിയുടെ നിലപാടുകളെയും അഭിപ്രായങ്ങളെയും കുറിച്ച് പറയാൻ കഴിയുക. പാടില്ലാത്തതൊന്നും എസ്എൻഡിപി യൂണിയനിൽ നടക്കുന്നില്ലെന്നും തുഷാർ കൂട്ടിച്ചേർത്തു.

# ശിശുക്ഷേമ സമിതിയിൽ വനിതാ കെയർ ടേക്കേഴ്സ്

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള കണ്ണൂർ ശിശുപരിചരണ കേന്ദ്രത്തിലേയ്ക്ക് കെയർടേക്കേഴ്സിന്റെ ഒഴിവുണ്ട്. മിനിമം പ്ലസ് ടു/പ്രീഡിഗ്രി പാസ്സായ 28-42 വയസ്സിനുള്ളിൽ പ്രായമുള്ളവരും കുട്ടികളുടെ പരിചരണ രംഗത്ത് പ്രവർത്തന പരിചയമുള്ളവരുമായിരിക്കണം ഉദ്യോഗാർത്ഥികൾ. യോഗ്യതയുമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ജൂൺ 26 രാവിലെ 10ന് പിണറായി പുത്തൻകണ്ടത്തുള്ള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ വീട്-ശിശുപരിചരണ കേന്ദ്രത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9446869775, 9745389920.

# യോഗ്യതാ പരീക്ഷയുടെ മാർക്ക് പരിശോധിക്കുന്നതിന് അവസരം

സിബിഎസ്ഇ പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ഫലം പ്രഖ്യാപിച്ച സാഹചര്യത്തിലും, ഇതുവരെയും മാർക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയാതിരുന്നവർക്കുമായി യോഗ്യതാ പരീക്ഷയ്ക്ക് നേടിയ മാർക്കുകൾ പരിശോധിക്കുന്നതിനും പുതുതായി സമർപ്പിക്കുന്നതിനുമുള്ള അവസരം ജൂൺ 23 രാത്രി 11.59 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ൦൦൦.രലല.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 03.06.2026-ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471-2332120.

# സ്കോളർഷിപ്പിന് അപേക്ഷിക്കാം

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന എസ്.എസ്.എൽ.സി സ്കോളർഷിപ്പ്/ പഠന സഹായത്തിന് ജൂലൈ 1 മുതൽ ആഗസ്റ്റ് 1 വരെ അപേക്ഷിക്കാം.ബോർഡിൽ നിന്നും ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്/ ധനസഹായം നൽകിവരുന്ന വിവിധ കോഴ്സുകൾ ജൂൺ 1 മുതൽ ആരംഭിക്കുന്നില്ലെങ്കിൽ 2026 അദ്ധ്യായന വർഷത്തിൽ കോഴ്സ് തുടങ്ങിയ ദിവസം മുതൽ 45 ദിവസം വരെ അപേക്ഷ സ്വീകരിക്കും. ഏതെങ്കിലും കോഴ്സുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെങ്കിൽ പത്രങ്ങളിൽ അറിയിപ്പു നൽകുന്ന തീയതി മുതൽ 45 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം.

# കുട്ടികളുടെ ആധാർ രജിസ്ട്രേഷൻ സൗജന്യം: കളക്ടർ

കൊല്ലം: അഞ്ചു വയസു വരെ പ്രായമുള്ള കുട്ടികളുടെ ആധാർ രജിസ്ട്രേഷൻ സൗജന്യമാക്കിയതായി ജില്ലാ കളക്ടർ അറിയിച്ചു. അഞ്ച് വയസിലും 15 വയസിലും ചെയ്യേണ്ട നിർബന്ധിത ബയോമെട്രിക് പുതുക്കൽ 2026 സെപ്റ്റംബർ വരെ എല്ലാ ആധാർകേന്ദ്രങ്ങളിലും സൗജന്യമായി ലഭിക്കും.

നവജാതശിശുക്കൾ ഉൾപ്പെടെ അഞ്ച് വയസുവരെയുള്ള കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റും മാതാപിതാക്കളുടെ ആധാർ കാർഡും ഉപയോഗിച്ച് പുതിയ ആധാർ എടുക്കാം. ഈ പ്രായത്തിലുള്ള കുട്ടികളുടെ വിരലടയാളമോ കൃഷ്ണമണി രേഖയോ ശേഖരിക്കില്ല. കുട്ടികൾക്ക് വിവിധ സർക്കാർ ആനുകൂല്യങ്ങൾ തടസമില്ലാതെ ലഭിക്കാൻ ജനന സർട്ടിഫിക്കറ്റ് ലഭിച്ചയുടൻ ആധാർ എടുക്കണം.

അഞ്ചു വയസിലും 15 വയസിലും ബയോമെട്രിക് വിവരങ്ങൾ (വിരലടയാളം, കൃഷ്ണമണി രേഖ, ഫോട്ടോ) നിർബന്ധമായും പുതുക്കണം.

അഞ്ചു മുതൽ 17 വയസുവരെയുള്ള കുട്ടികൾക്ക് സെപ്റ്റംബർ വരെ ഈ സേവനം സൗജന്യമാണ്. കൃത്യസമയത്ത് ബയോമെട്രിക് വിവരങ്ങൾ പുതുക്കാത്ത ആധാർ കാർഡുകൾ താൽക്കാലികമായി അസാധുവാകാനിടയുണ്ട്.

സ്കോളർഷിപ്പുകൾ, റേഷൻകാർഡിൽ പേര്ചേർക്കൽ, സ്കൂൾ/കോളജ് പ്രവേശനം, അപാർ (അജഅഅഞ), Un-Pn-tem-ക്കർ എന്നിവയ്ക്കും നീറ്റ്, ജെഇഇ, കീം തുടങ്ങിയ മത്സരപരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും ആധാർവിവരങ്ങൾ കൃത്യമായിരിക്കേണ്ടതുണ്ട്. ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പരും ഇ-മെയിലും നിലവിൽ ഉപയോഗിക്കുന്നവ തന്നെയെന്ന് ഉറപ്പുവരുത്തണം.

പുതിയ ആധാർ എടുക്കുന്നതിനും പുതുക്കുന്നതിനുമായി അക്ഷയകേന്ദ്രങ്ങളെയോ അംഗീകൃത ആധാർ കേന്ദ്രങ്ങളെയോ സമീപിക്കാം. വിശദവിവരങ്ങൾക്ക്: 1800-4251-1800 (ടോൾ ഫ്രീ), 0471-2335523 എന്നിവയിലോ കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ ആധാർ സെക്ഷനുമായോ (04712525442) ബന്ധപ്പെടാമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഇ-മെയിൽ: uidhel [email protected]

# മൂന്ന് വയസുകാരനെ മൃഗശാലയിലെ മുതലക്കൂട്ടിലേക്ക് എറിഞ്ഞ യുവാവ് അറസ്റ്റിൽ

ലണ്ടൻ: ബ്രിട്ടനിലെ ഹണ്ടിംഗ്ഡണിൽ മൂന്ന് വയസുകാരനെ മൃഗശാലയിലെ മുതലകൾ കിടക്കുന്ന കൂട്ടിലേക്ക് മാനസിക വെല്ലുവിളികൾ നേരിടുന്ന യുവാവ് എറിഞ്ഞു. മാനസിക വെല്ലുവിളി നേരിട്ട് ചികിത്സയിലുള്ള മുപ്പതുകാരനെ മൃഗശാല സന്ദർശനത്തിന് കൊണ്ടുവന്നപ്പോഴാണ് സംഭവം.

മുതലകൾ കുട്ടിയെ ആക്രമിക്കുന്നത് കണ്ടതോടെ മൃഗശാല ഉടമയുടെ ഭാര്യ ട്രേസി ജോൺസൺ ഒട്ടും മടിക്കാതെ മുതലകൾക്കിടയിലേക്ക് ചാടുകയായിരുന്നു.

ട്രേസിയുടെ സമയോചിതവും ധീരവുമായ ഇടപെടലാണ് പരിക്കേറ്റെങ്കിലും കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കാരണമായത്. മുതലയുടെ ആക്രമണത്തിൽ സാരമായി പരിക്കേറ്റ കുട്ടിയെ ഉടൻ തന്നെ കേംബ്രിഡ്ജിലെ അഡ്ഡൻബ്രൂക്ക്സ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിലവിൽ കുട്ടിയുടെ ആരോഗ്യനില ഗുരുതരമായി തുടരുന്നുണ്ടെങ്കിലും അത് വഷളാകാതെ സ്ഥിരത കൈവരിച്ചിട്ടുണ്ടെന്ന് പോലീസ് സ്ഥിരീകരിച്ചു. മാനസിക വെല്ലുവിളിയുള്ള യുവാവിനൊപ്പമുണ്ടായിരുന്നയാൾ ഫോൺ ഉപയോഗിക്കുന്നതിനിടെയാണ് സംഭവമുണ്ടായത്.

സംഭവവുമായി ബന്ധപ്പെട്ട് നോർഫോക്ക് സ്വദേശിയായ യുവാവിനെ കൊലപാതകശ്രമത്തിന് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കുട്ടിയുടെ കുടുംബത്തോടുള്ള ആദരസൂചകമായി മൃഗശാലയിലെ മുതലകളെ പാർപ്പിച്ചിരിക്കുന്ന ഭാഗം താൽക്കാലികമായി അടച്ചിട്ടിരിക്കുകയാണ്. സംഭവം നടക്കുന്ന സമയത്ത് മൃഗശാലയിൽ ഉണ്ടായിരുന്ന സന്ദർശകരിൽ നിന്നും ദൃക്സാക്ഷികളിൽ നിന്നും പോലീസ് വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മത്സ്യ ഉൽപ്പന്നങ്ങളുടെ മൂല്യവർധന സാധ്യതകൾ പരിചയപ്പെടുത്തി കുടുംബശ്രീ മിഷനും സി.ഐ.എഫ്.ടിയും; കർഷകർക്ക് പരിശീലനം നൽകി

തിരുവനന്തപുരം: വെള്ളനാട് കൃഷിവിജ്ഞാന കേന്ദ്രം (കെവികെ), കൊച്ചി ഐസിഎആർ - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (കളഅഞ്ഞളകഎം), കുടുംബശ്രീ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ ട്രൈബൽ മേഖലയിലെ മത്സ്യകർഷകർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. മത്സ്യകൃഷിയോടൊപ്പം മത്സ്യ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ മൂല്യവർധന സാധ്യതകളെക്കുറിച്ചുള്ള മൂന്ന് ദിവസത്തെ പരിശീലനമാണ് വിജയകരമായി പൂർത്തിയായത്.




മൂന്ന് ദിവസം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ കെവികെ സബ്ജക്ട് സ്പെഷ്യലിസ്റ്റ് ശ്രീമതി ചിത്ര അധ്യക്ഷത വഹിച്ചു. ശ്രീമതി മഞ്ജു ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ശ്രീമതി ബിന്ദു, ഡോ. ഉദയകൃഷ്ണൻ, ഐ.സി.എ.ആർ - സി.ഐ.എഫ്.ടി സീനിയർ സയന്റിസ്റ്റ് ഡോ. ചന്ദ്രശേഖരൻ, ഡോ. സരിക, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ അനീഷ എന്നിവർ പങ്കെടുത്തു.

പരിശീലനത്തിന്റെ ആദ്യ ദിനം മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണന സാധ്യതകൾ എന്നിവയെക്കുറിച്ച് ഡോ. സരിത വിശദീകരിച്ചു നൽകി. തുടർന്ന് സിഐഎഫ്ടി ടെക്നിക്കൽ ഓഫീസർ ശ്രീമതി സുസ്മിത മത്സ്യം വൃത്തിയാക്കൽ, മാംസം വേർതിരിക്കൽ, ഉണക്കമത്സ്യം വിപണനത്തിനായി തയ്യാറാക്കുന്ന രീതികൾ എന്നിവയിൽ കർഷകർക്ക് പ്രായോഗിക പരിശീലനം നൽകി.

രണ്ടാം ദിവസം വൃത്തിയാക്കിയ മത്സ്യമാംസം ഉപയോഗിച്ച് മീൻ അച്ചാർ, മീൻ കട്ട്ലെറ്റ്, മീൻ ബോൾസ്, മീൻ റോൾ, ഉണക്ക ചെമ്മീൻ പൊടി തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിൽ കർഷകർക്ക് പ്രായോഗിക പരിശീലനവും നൽകി. പങ്കെടുത്ത കർഷകർ ഉൽപ്പന്ന നിർമാണ രീതികൾ വിജയകരമായി അഭ്യസിച്ചു. മൂന്നാം ദിവസം തയ്യാറാക്കിയ ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ പാക്കിംഗ്, സ്റ്റിക്കർ പതിക്കൽ, ഉണക്കമത്സ്യം തികച്ചും ശുചിത്വത്തോടെ പാക്ക് ചെയ്ത് വിപണിയിലെത്തിക്കുന്ന രീതികൾ എന്നിവയിലാണ് പരിശീലനം നൽകിയത്.

തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ സിഐഎഫ്ടി സീനിയർ സയന്റിസ്റ്റ് ഡോ. ചന്ദ്രശേഖരൻ, ഡോ. സരിക, കെവികെ സബ്ജക്ട് സ്പെഷ്യലിസ്റ്റുമാരായ ശ്രീമതി ബിന്ദു, ശ്രീമതി മഞ്ജു, ഡോ. ഉദയകുമാർ എന്നിവർ സംസാരിച്ചു.

പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ കർഷകർക്കും കെവികെയുടെയും സിഐഎഫ്ടിയുടെയും നേതൃത്വത്തിൽ സ്നേഹോപഹാരങ്ങൾ വിതരണം ചെയ്തു. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട കൂടുതൽ പരിശീലനങ്ങൾ ഭാവിയിലും സംഘടിപ്പിക്കണമെന്ന് കർഷകർ ചടങ്ങിൽ ആവശ്യപ്പെട്ടുണ്ട്.

# 10 പേർക്ക് കൂടി ഷിഗെല്ല

സംസ്ഥാനത്ത് ഇന്ന് 10 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. നാല് ജില്ലകളിലാണ് ഇന്ന് ഷിഗല്ല സ്ഥിരീകരിച്ചത്. കോഴിക്കോട്-7, വയനാട്, എറണാകുളം, മലപ്പുറം ജില്ലകളിൽ 1 വീതവുമാണ് ഷിഗെല്ല രോഗ ബാധ റിപ്പോർട്ട് ചെയ്തത്. സംസ്ഥാനത്ത് ജൂൺ മാസം 150 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 226 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ജൂൺ മാസം ഏറ്റവും കൂടുതൽ പേർക്ക് രോഗം സ്ഥിരീകരിച്ചത്. നിലവിൽ കോഴിക്കോട് (49), വയനാട് (20), തൃശൂർ (12) ആലപ്പുഴ (3) എന്നീ നാല് ജില്ലകളിലാണ് ഔട്ട്ബ്രേക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. മലപ്പുറം (21), തിരുവനന്തപുരം (17), കണ്ണൂർ (10), കൊല്ലം (9), ഇടുക്കി (3), എറണാകുളം (3), പാലക്കാട് (3)എന്നിവിടിങ്ങളിലും ജൂൺ മാസം ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്തു

# ജലപീരങ്കിയിൽ മലിനജലം; സഭയിൽ വെള്ളക്കുപ്പിയുമായി പിണറായി

തിരുവനന്തപുരം: എഐവൈഎഫും എഐഎസ്എഫും നിയമസഭയിലേക്ക് നടത്തിയ മാർച്ചിൽ പോലീസ് പ്രയോഗിച്ച ജലപീരങ്കിയെച്ചൊല്ലി സഭയിൽ ഭരണ-പ്രതിപക്ഷ പോര്. പ്രതിഷേധക്കാർക്ക് നേരെ പോലീസ് ഉപയോഗിച്ചത് മലിനജലമാണെന്നാരോപിച്ച് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ നിയമസഭയിൽ കുപ്പിവെള്ളവുമായി എത്തി. അമീബിക് മസ്തിഷ്ക ജ്വരം പകർത്താൻ സാധ്യതയുള്ള അത്യന്തം അപകടകരമായ മലിനജലമാണ് സമരക്കാർക്ക് നേരെ പ്രയോഗിച്ചതെന്ന് അദ്ദേഹം ആരോപിച്ചു. വിഷയം ഗൗരവമായി കാണണമെന്നും ആഭ്യന്തര മന്ത്രി മറുപടി പറയണമെന്നും പിണറായി വിജയൻ ആവശ്യപ്പെട്ടു. കേരളത്തിൽ ആദ്യമായിട്ടല്ലല്ലോ ജലപീരങ്കി എന്നായിരുന്നു ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ മറുപടി.

വാട്ടർ അഥോറിറ്റിയിൽനിന്നുള്ള വെള്ളമാണ് ജലപീരങ്കിയിൽ നിറയ്ക്കുന്നതെന്നും മന്ത്രി വിശദീകരിച്ചു. എങ്കിലും വെള്ളത്തിൻറെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സാമ്പിൾ ലാബിലേക്ക് അയക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകി. ലാബ് പരിശോധനാഫലം വന്നതിനുശേഷം വിഷയം കൂടുതൽ ചർച്ചചെയ്യാമെന്ന് സ്പീക്കറും വ്യക്തമാക്കി. ജലപീരങ്കിയെയും വെടിവെയ്പ്പിനെയും ഭയമില്ലെന്ന് പറഞ്ഞ കെ. രാജൻ മലിന വെള്ളത്തിൽ പെൺകുട്ടികളുടെ ചുരിദാറിൻറെ കളർ വരെ മാറിയെന്നും ആരോപിച്ചു. ചന്ദ്രശേഖർനായർ സ്റ്റേഡിയത്തിന് സമീപം പ്രതിഷേധത്തിനിടെ ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകർക്ക് നേരെ മൂന്ന് തവണയാണ് പോലീസ് ജലപീരങ്കി പ്രയോഗിച്ചത്. ആദ്യം കട്ടചെളിയും പിന്നീട് മഞ്ഞ നിറത്തിലുള്ള കലക്കവെള്ളവുമാണ് ടാങ്കിൽനിന്ന് ചീറ്റിയതെന്ന് പ്രതിഷേധക്കാർ പരാതിപ്പെട്ടിരുന്നു. വെള്ളം വീണതോടെ പ്രവർത്തകർക്ക് ശരീരമാകെ ചൊറിച്ചിൽ അനുഭവപ്പെട്ടതായും നേതാക്കൾ പറഞ്ഞു.

# മറ്റത്തൂരിലെ ഗ്രൂപ്പ് പോര് തെരുവിലേക്ക്: തൃശൂർ ഡിസിസി ഓഫീസിൽ നാടകീയ രംഗങ്ങൾ

തൃശൂർ: മറ്റത്തൂർ കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രസിഡൻറ് നിയമനത്തെച്ചൊല്ലി തൃശൂർ ഡിസിസി ഓഫീസിൽ പ്രവർത്തകരുടെ പ്രതിഷേധം. പാർട്ടിയിൽ സജീവമല്ലാത്ത ആളെ മണ്ഡലം പ്രസിഡൻറായി നിയമിച്ചുവെന്ന് ആരോപിച്ച് ഒരുവിഭാഗം പ്രവർത്തകർ ഡിസിസി ഓഫീസ് ഉപരോധിച്ചു. മണിക്കൂറുകൾ നീണ്ട ഉപരോധത്തിനൊടുവിൽ വനിതകൾ അടക്കമുള്ള കോൺഗ്രസ് പ്രവർത്തകരെ പോലീസ് ബലം പ്രയോഗിച്ച് നീക്കി. മുൻപ് പാർട്ടി നടപടി നേരിട്ടിട്ടുള്ള ഹസൻ വല്ലത്തിനെ മണ്ഡലം പ്രസിഡൻറായി നിയമിച്ചതാണ് നിലവിലെ തർക്കങ്ങൾക്ക് കാരണം. ഡിസിസി പ്രസിഡൻറിൻറെ നടപടി അംഗീകരിക്കില്ലെന്നും നിയമനം അടിയന്തരമായി റദ്ദാക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. ഡിസിസി പ്രസിഡൻറിൻറെ പ്രതീകാത്മക കോലവുമായാണ് പ്രവർത്തകർ എത്തിയതെങ്കിലും അത് കത്തിക്കാൻ അവർ തയാറായില്ല. പാർട്ടിയെ പൊതുമധ്യത്തിൽ അപകീർത്തിപ്പെടുത്താൻ തങ്ങൾ ആഗ്രഹിക്കുന്നില്ല. തെറ്റായ നടപടിയോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുക മാത്രമാണ് ലക്ഷ്യമെന്നും സമരത്തിന് നേതൃത്വം നൽകിയവർ വ്യക്തമാക്കി. കെപിസിസി യോഗം നടക്കുന്നതിനാൽ ഡിസിസി പ്രസിഡൻറോമറ്റ് മുതിർന്ന നേതാക്കളോ ഓഫീസിൽ ഇല്ലാത്ത സമയത്തായിരുന്നു പ്രവർത്തകരുടെ പ്രതിഷേധം. ജൂലൈ ഒന്നിനകം തിരുത്തൽ നടപടി ഉണ്ടായില്ലെങ്കിൽ കെപിസിസി ആസ്ഥാനത്തിന് മുന്നിൽ ശക്തമായ സമരം ആരംഭിക്കുമെന്നും പ്രവർത്തകർ മുന്നറിയിപ്പ് നൽകി. അതേസമയം ഓഫീസിൽ കുത്തിയിരിപ്പ് സമരം നടത്തിയവർക്ക് കോൺഗ്രസ് പാർട്ടിയുമായി യാതൊരു ബന്ധവുമില്ലെന്ന് ഡിസിസി പ്രസിഡൻറ് ജോസഫ് ടാജറ്റ് പറഞ്ഞു. കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ബിജെപിയുമായി സഖ്യമുണ്ടാക്കിയവരാണ് ഇവരെന്നും അദ്ദേഹം ആരോപിച്ചു.

# എബോള: സംസ്ഥാനത്ത് ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു: മന്ത്രി കെ. മുരളീധരൻ

ആഫ്രിക്കയിലെ മൂന്നു രാജ്യങ്ങളിൽ (Democratic Republic of Congo, Uganda, South Sudan) എബോള എന്ന മാരക രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടനയുടെയും, കേന്ദ്ര സർക്കാരിൻറെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കേരളത്തിലും തുടക്കം മുതലേ ശക്തമായ നടപടികൾ സ്വീകരിച്ചിരുന്നുവെന്നു ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു.

സംസ്ഥാനത്തെ നാല് എയർപോർട്ടുകൾ, പ്രധാന തുറമുഖങ്ങൾ എന്നിവ കേന്ദ്രീകരിച്ച് എബോള ബാധിത രാജ്യങ്ങളിൽ നിന്നെത്തുന്നവരുടെ സമ്പർക്ക ചരിത്രവും, രോഗലക്ഷണങ്ങളും കൃത്യമായി നിരീക്ഷിക്കാൻ ആരോഗ്യവകുപ്പ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി നിയോഗിച്ചിട്ടുണ്ട്.

ഇതിനു പുറമേ യാത്രക്കാർക്ക് 21 ദിവസത്തെ ക്വാറന്റൈൻ നിർദ്ദേശിക്കുകയും വീട്ടിലെത്തിയാലുടൻ പ്രദേശത്തെ ആരോഗ്യ കേന്ദ്രത്തിന്റെ നിരീക്ഷണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.ഇതിന്റെ ഫലമായാണ് കോട്ടയത്ത് ഒരാൾക്ക് രോഗലക്ഷണം കണ്ടയുടനെ ജില്ലയിലെ ഐസോലേഷൻ കേന്ദ്രത്തിലെത്തിച്ച് നിരീക്ഷണം ഏർപ്പെടുത്തുകയും കൃത്യമായ പരിശോധനയ്ക്ക് വിധേയയാക്കുകയും ചെയ്തത്.

എബോള ബാധിത രാജ്യങ്ങളിൽ നിന്നെത്തുന്നവർക്കുള്ള രോഗലക്ഷണങ്ങൾ കണ്ടാലുടൻ ചികിത്സ നല്കാൻ പതിനാലു ജില്ലകളിലും ഐസൊലേഷൻ ചികിത്സാ കേന്ദ്രങ്ങളും, ക്വാറന്റൈൻ കേന്ദ്രങ്ങളും സജ്ജമാക്കി. ആവശ്യമായ സാമഗ്രികളും ജീവനക്കാർക്ക് പരിശീലനങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ട്.

ഇത് വരെ എബോള ബാധിത പ്രദേശങ്ങളിൽ നിന്നും 206 യാത്രക്കാർ കേരളത്തിൽ എത്തിയതിൽ 74 പേർ നിലവിൽ വീടുകളിൽ ക്വാറന്റൈനിലാണ്.

75 പേർ ക്വാറന്റൈൻ പൂർത്തികരിക്കുകയോ മടങ്ങി പോകുകയോ ചെയ്തിട്ടുണ്ട്. 57 പേരെ മറ്റു സംസ്ഥാനങ്ങളിലേക്ക് cross-notify ചെയ്തിട്ടുണ്ട്.

# വെള്ളാപ്പള്ളി നിയമത്തെ വെല്ലുവിളിക്കുന്നു; വി. എം. സുധീരൻ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും കത്ത് നൽകി

തിരുവനന്തപുരം: കെ. കെ. മഹേശൻ ജീവനൊടുക്കിയ കേസിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് വി. എം. സുധീരൻ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും കത്ത് നൽകി. കഴിഞ്ഞ ജൂൺ ആറിന് വിഷയത്തിൽ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടും കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന് സുധീരൻ കത്തിൽ പറയുന്നു.

കേസ് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഈ കത്തിൻറെ പകർപ്പ് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയ്ക്കും കൈമാറിയിട്ടുണ്ട്. വെള്ളാപ്പള്ളി നടേശൻ നിയമസംവിധാനത്തെ പരസ്യമായി വെല്ലുവിളിക്കുകയാണ്. ഈ സാഹചര്യത്തിൽ ഭരണസംവിധാനം ഉണർന്നു പ്രവർത്തിക്കാൻ ഇനിയും വൈകരുതെന്നും സുധീരൻ കത്തിലൂടെ ആവശ്യപ്പെട്ടു. കെ. കെ. മഹേശൻ ജീവനൊടുക്കിയതിൽ തനിക്ക് കുറ്റബോധമില്ലെന്ന് വെള്ളാപ്പള്ളി നടേശൻ ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. കേസിൽ സിബിഐ അന്വേഷണം വരട്ടെ. മഹേശനായിരുന്നു എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്നും തെറ്റ് ചെയ്തുവെന്ന് ബോധ്യമുള്ളതുകൊണ്ടാണ് അദ്ദേഹം ജീവനൊടുക്കിയതെന്നും വെള്ളാപ്പള്ളി പറഞ്ഞു.

# മാറ്റമാണ് മാർക്സിസം; പിണറായിയേയും ബാലഗോപാലിനെയും കടന്നാക്രമിച്ച് ജി. സുധാകരൻ

ആലപ്പുഴ: പിണറായി വിജയൻറെ ചെറ്റ പരാമർശത്തെ രൂക്ഷമായി വിമർശിച്ചും മുൻ ധനമന്ത്രി കെ. എൻ. ബാലഗോപാലിനെ പരിഹസിച്ചും ജി. സുധാകരൻ എംഎൽഎ. ചെറ്റക്കുടിലുകളിൽ താമസിച്ചിരുന്നവരാണ് കമ്മ്യൂണിസ്റ്റുകാരെന്നും അതിനാൽ ചെറ്റ എന്ന പ്രയോഗം കമ്മ്യൂണിസ്റ്റ് ഭാഷയ്ക്ക് ചേർന്നതല്ലെന്നും സുധാകരൻ വ്യക്തമാക്കി. നിയമസഭയിലെ ബജറ്റ് ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖജനാവിൽ ആറായിരം കോടി രൂപയുണ്ടെന്ന് ബാലഗോപാൽ പറയുന്നതിനെയും അദ്ദേഹം പരിഹസിച്ചു. യുഡിഎഫ് സർക്കാർ പുറത്തിറക്കിയ ധവളപത്രം ഗംഭീരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാറ്റമാണ് മാർക്സിസം അതാണ് ശാസ്ത്രം. കാളിദാസനെയും ഷേക്സ്പിയറെയും വായിച്ച ഒരാൾക്കേ ഇത്രയും ലളിതവും ഗഹനവുമായ ഒരു ബജറ്റ് തയാറാക്കാൻ സാധിക്കൂവെന്നും സുധാകരൻ പറഞ്ഞു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് സുധാകരനെതിരെ പിണറായി വിജയൻ നടത്തിയ ചെറ്റ പരാമർശം വൻവിവാദമായിരുന്നു.

# നിപ: പ്രതിരോധം പൂർണ വിജയത്തിലേക്ക്: മന്ത്രി കെ. മുരളീധരൻ

നിപ കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് ജില്ലയിൽ നടത്തിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ പൂർണ വിജയത്തിലേക്കെന്നു ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. ഒരാളിൽ രോഗബാധ കണ്ടെത്തിയതിനെ തുടർന്ന് ജൂൺ 11 മുതൽ കൃത്യമായ റൂട്ട് മാപ്പ് തയാറാക്കി ജില്ലയിൽ പൊതുവെയും രാമനാട്ടുകര മുനിസിപ്പാലിറ്റി ഡിവിഷൻ 5, രോഗി സന്ദർശിച്ച വിവിധ ആശുപത്രികൾ, രോഗിയുടെ ജോലി സ്ഥലം, രോഗി സന്ദർശിച്ച സ്ഥലങ്ങൾ തുടങ്ങി എല്ലാ സമ്പർക്ക സാധ്യതകളും കണ്ടെത്തി പഴുതടച്ച പ്രതിരോധമാണ് ആരോഗ്യവകുപ്പ് നടത്തിയത്.

രോഗം കൂടുതൽ പേരിലേക്ക് പകർന്നിട്ടില്ല എന്ന കൃത്യമായ നിഗമനത്തിലാണ് കൂടുതൽ കണ്ടൈൻമെന്റ് നടപടികൾ ഇല്ലാതെ തന്നെ രോഗം വരുതിയിലാക്കിയത്. ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, രോഗം കണ്ടെത്തിയ സ്വകാര്യ ആശുപത്രി ഡോക്ടർമാർ, കോഴിക്കോട് മെഡിക്കൽ കോളജ് ഡോക്ടർമാർ, ജനപ്രതിനിധികൾ, തദ്ദേശ സ്ഥാപനങ്ങൾ, ഫീൽഡിൽ ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആശാ പ്രവർത്തകർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ, മാധ്യമപ്രവർത്തകർ എന്നിവരെ മന്ത്രി അഭിനന്ദിച്ചു. കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണിതെന്നു മന്ത്രി പറഞ്ഞു.

നിപ രോഗബാധിതന്റെ സമ്പർക്കപ്പട്ടികയിൽ നിന്ന് നിരീക്ഷണത്തിനായി പുതുതായി ആരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല. സമ്പർക്കപ്പട്ടികയിൽ നിന്ന് രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്നു ഇതുവരെ പരിശോധിച്ച 15 പേരുടെയും സാമ്പിൾ ഫലം നെഗറ്റീവ് ആണ്. രോഗബാധിതന്റെ സമ്പർക്ക പട്ടികയിലും പുതിയതായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ 104 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്. ഇതിൽ 4 പേർ വളരെ ഉയർന്ന റിസ്ക് വിഭാഗത്തിൽപ്പെട്ടവരും, 14 പേർ ഉയർന്ന വിഭാഗത്തിൽപ്പെട്ടവരും 86 പേർ കുറഞ്ഞ റിസ്ക് വിഭാഗത്തിൽപ്പെട്ടവരും ആണ്.

നിപ ബാധിച്ച രോഗി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുന്നു. രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റി ഡിവിഷൻ 5 ലെ 60 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ ഇന്ന് സന്ദർശനം നടത്തി.

സംശയ നിവാരണത്തിനായി ഇതുവരെ ജില്ലാ കൺട്രോൾ റൂമിൽ പൊതുജനങ്ങളിൽ നിന്നുള്ള 91 ഫോൺവിളികൾ എത്തിയിട്ടുണ്ട്. സമ്പർപട്ടികയിൽ ഉൾപ്പെട്ട എല്ലാവരെയും ഇന്നും ജില്ലാ കൺട്രോൾ റൂമിൽ നിന്ന് ആരോഗ്യപ്രവർത്തകർ ബന്ധപ്പെട്ടിരുന്നു. ജില്ലാ മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി ഇതുവരെ 125 പേരെ വിളിക്കുകയും മാനസിക പിന്തുണ ഉറപ്പാക്കുകയും ചെയ്തു.

# ബേപ്പൂരിൽ പുഴയിൽ ചാടിയ യുവതിയുടെ മൃതദേഹം കണ്ടെത്തി

കോഴിക്കോട്: ബേപ്പൂരിൽ പുഴയിൽ ചാടിയ യുവതിയുടെ മൃതദേഹം കണ്ടെത്തി. വെസ്റ്റ് ഹിൽ സ്വദേശി സന്ധ്യ ആണ് മരിച്ചത്. ഞായറാഴ്ച രാത്രി 8: 30തോടെ ഫറോക്ക് പഴയ പാലത്തിന് നിന്നും യുവതി ചാലിയാർ പുഴയിലേക്ക് ചാടുന്നത്. ഇതുവഴി വന്ന ഓട്ടോറിക്ഷ ഡ്രൈവർ പോലീസിലും ഫയർ ഫോഴ്സിലും വിവരം അറിയിച്ചതിനെ തുടർന്ന് തെരച്ചിൽ തുടങ്ങി. രാവിലെ ഒൻപതിന്ബേപ്പൂർ ഹാർബറിന് സമീപത്തുനിന്നുമാണ് മൃതദേഹം കണ്ടെത്തുന്നത്. തുടർന്ന് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി മൃതദേഹം മോർച്ചറിയിലേക്ക് മാറ്റി. പന്നിയങ്കരയിലെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയാണ് സന്ധ്യ. സന്ധ്യയെ കാണാനില്ലെന്ന് കാണിച്ച് സഹോദരൻ പോലീസിൽ പരാതി നൽകിയിരുന്നു. ഞായറാഴ്ച രാവിലെ ആറിന് വീട് വിട്ട് ഇറങ്ങിയ സന്ധ്യ പിന്നീട് തിരിച്ചെത്തിയില്ലെന്നാണ് വീട്ടുകാർ പറയുന്നത്. സംഭവത്തിൽ ബേപ്പൂർ പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

# ലേബർ കമ്മിഷണറേറ്റിൽ അന്താരാഷ്ട്ര യോഗാദിനാചരണം സംഘടിപ്പിച്ചു

അന്താരാഷ്ട്ര യോഗാദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന ലേബർ കമ്മീഷണറേറ്റിൽ വിപുലമായ രീതിയിൽ യോഗാദിനാചരണം. തിരുവനന്തപുരം വികാസ്ഭവൻ തൊഴിൽ ഭവനിലെ നടുത്തളത്തിൽ നടന്ന ചടങ്ങ് ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്തുന്നതിൽ യോഗയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ലേബർ കമ്മീഷണർ സംസാരിച്ചു. അഡീഷണൽ ലേബർ കമ്മീഷണർ ബിച്ചു ബാലൻ അധ്യക്ഷയായിരുന്നു. യോഗ കോർഡിനേറ്റർമാരായ മനോജും ദീപയും പരിശീലന സെക്ഷന് നേതൃത്വം നൽകി. ലേബർ കമ്മീഷണറേറ്റ് ഓഫീസിലെ ജീവനക്കാർ പങ്കെടുത്തു.

# പി ആൻഡ് ടി കോളനി പുനരധിവാസ ഫ്ലാറ്റ്: റിപ്പോർട്ട് ലഭിച്ചാൽ അടിയന്തര നടപടിയെന്ന് മന്ത്രി കെ എം ഷാജി

കൊച്ചിയിലെ തേവര പേരണ്ടൂർ കനാൽ തീരത്തെ പി ആൻഡ് ടി കോളനി നിവാസികളുടെ പുനരധിവാസത്തിനായി മുണ്ടംവേലിയിൽ ലൈഫ് മിഷൻ പദ്ധതിയിൽ നിർമിച്ച ഫ്ലാറ്റ് സമുച്ചയം വാസയോഗ്യമല്ലെന്ന് ഐഐടി മദ്രാസിന്റെ റിപ്പോർട്ടിലില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി നിയമസഭയെ അറിയിച്ചു.

ഐഐടി മദ്രാസിന്റെ സ്ട്രക്ചറൽ വെറ്റിംഗും സർക്കാർ സാങ്കേതിക അനുമതിയും ഉൾപ്പെടെ ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കിയ ശേഷമാണ് കെട്ടിടം നിർമിച്ചതും ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം 2024 ജനുവരി 30-ന് ഗുണഭോക്താക്കൾക്ക് കൈമാറിയതും.

തുടർന്ന് മഴക്കാലത്ത് ചോർച്ചയും മറ്റ് തകരാറുകളും റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഐഐടി മദ്രാസിനെ പരിശോധനയ്ക്കായി ചുമതലപ്പെടുത്തി. റിപ്പോർട്ടിൽ നിർദേശിച്ച പരിഹാര നടപടികൾ നടപ്പാക്കുന്നതിലെ സാങ്കേതിക, നിയമ, ഭരണ, സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

ഐഐടി മദ്രാസിന്റെ പുതുക്കിയ അന്തിമ റിപ്പോർട്ടും ജിസിഡിഎ യുടെ കത്തും പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറോട് നിർദേശിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

# അയോധ്യ രാമക്ഷേത്ര സംഭാവന തട്ടിപ്പ്: ഹർജിയിൽ വാദം കേൾക്കാൻ വിസമ്മതിച്ച് അലഹബാദ് ഹൈക്കോടതി

അലഹബാദ്: അയോധ്യ ശ്രീരാമക്ഷേത്രത്തിലെ സംഭാവന തട്ടിപ്പുമായി ബന്ധപ്പെട്ട ഹർജിയിൽ ഇടപെടാതെ അലഹബാദ് ഹൈക്കോടതി. കേസെടുക്കണമെന്നും കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നതടക്കമുള്ള ഹർജിയിൽ അലഹബാദ് ഹൈക്കോടതി വാദം കേൾക്കാൻ വിസമ്മതിച്ചു.ഉത്തർപ്രദേശ് സർക്കാർ വിഷയത്തിൽ ഇടപെട്ടിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി ലക്നോ ബഞ്ചാണ് ഹർജി കേൾക്കാൻ വിസമ്മതിച്ചത്. അതേസമയം സംഭാവന തട്ടിപ്പിനൊപ്പം ഭൂമി ഇടപാടിലും അയോധ്യയിൽ വൻ ക്രമക്കേട് നടന്നെന്ന വിവരമാണ് ഇപ്പോൾ പുറത്തുവരുന്നത്. വിപണി വിലയിലും കൂടിയ വിലക്ക് ക്ഷേത്ര ട്രസ്റ്റ് ഭൂമി വാങ്ങിക്കൂട്ടിയതും പ്രത്യേക സംഘം അന്വേഷിക്കാൻ സർക്കാർ തീരുമാനിച്ചു.